KOTTAYAM PUBLIC LIBRARY

Call No. 200 MAT-T Acc. No. 21428

Author: മാത്യു വി.ജെ.

Title: [illegible] കാദിശ്ത്താ ചുളളി

814

KOTT_AYAM PUBLIC LIBRARY
X
KOTTAYAM.

21428

✝

# തുമ്പമൺ കാദീശ്ത്താപ്പള്ളി

---

ഗ്രന്ഥകർത്താ:

വി. എം. മാത്യു

പ്രസാധകൻ:

വി. എം. കോശി,

വടക്കേതിൽ, താഴം, തുമ്പമൺ.

P.O. ഉളനാട്,

Copies 700 കുളനട വഴി

[ വില രൂപാ 1.

Printed at
THE MALAYALA MANORAMA PRESS,
KOTTAYAM - 1950.

TK J M200c



നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ്
കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട്

KOTT-AYAM PUBLIC LIBR
KOTTA

# സമർപ്പണം

വി. പൗരസ്ത്യ കാതോലിക്കാസിംഹാസനത്തിൽ
വാണരുളുന്ന നിതാന്ത വന്ദ്യ ദിവ്യ മഹിമ ശ്രീ
മോറാൻ മാർ
**ബസ്സേലിയോസ് കാതോലിക്കാ ബാവാ**
**തിരുമനസ്സിലെ**
തൃപ്പാദപത്മങ്ങളിൽ ഈ ലഘുകാവ്യം
ഇടവകയുടെ പ്രതിനിധിയായി ഭക്ത്യാദരപുരസ്സരം
സമർപ്പിച്ചു കൊള്ളുന്നു.

ഗ്രന്ഥകത്താ.

# അവതാരിക

പൌരസ്ത്യരെ സംബന്ധിച്ചിടത്തോളം അവർ ചരിത്രരേഖകളോ ലക്ഷ്യങ്ങളോ സൂക്ഷിക്കുന്ന സ്വഭാവമില്ലാത്തവരാണെന്നു പൊതുവേ ഒരാക്ഷേപമുണ്ടു്. ഈ കുററാരോപണം ഏറെക്കുറെ വാസ്തവമായിട്ടുള്ളതാണെന്നു് സുറിയാനിക്കാരുടെ ചരിത്രം ആലോചിച്ചാലും മനസ്സിലാകുന്നതാണ്. ഇൻഡ്യയുടെ അപ്പോസ്തോലനായ മാർത്തോമ്മാശ്ളീഹായുടെ കാലം മുതൽ മലയാളരാജ്യത്തു സ്ഥാപിക്കപ്പെട്ടിട്ടുള്ള പല സുറിയാനിപ്പള്ളികളുടേയും പ്രാരംഭചരിത്രം ഇന്നു മനസ്സിലാക്കുവാൻ മാർഗ്ഗമില്ലാതാണിരിക്കുന്നതു്. എന്നാൽ അപൂർവം ചില പള്ളികളേക്കുറിച്ചു ശേഷിച്ചിരിക്കുന്ന പള്ളിപ്പാട്ടുകളോ ഐതിഹ്യങ്ങളോകൊണ്ടു് ഏതാണ്ടെല്ലാം ചില അറിവുകൾ ലഭിക്കുന്നതിനു സൌകര്യമുള്ളതു് ചരിത്രദൃഷ്ട്യാ നോക്കുന്നപക്ഷം, ഒരു വലിയ സംഗതിയാണെന്നുള്ളതിനു സംശയമില്ല.

"ചുമ്പമൺ കാദിശ്ത്താപ്പള്ളി" എന്ന നാമധേയത്തിൽ പ്രസ്തുത പള്ളിയുടെ സ്ഥാപനകാലം മുതലുള്ള ഒരു ചുരുങ്ങിയ ചരിത്രം ഇപ്രകാരം ഗാനരീതിയിൽ എഴുതി ഇടവകജനങ്ങളുടെയും മററു ജനസാമാന്യങ്ങളുടെയും ഇടയിൽ അതിനെ പ്രചരിപ്പിക്കുന്നതിനായി ഈ പള്ളിയുടെ അംഗവും അഭ്യുദയകാംക്ഷിയും ആയ വടക്കേതിൽ മിസ്റ്റർ വി. എം. മാത്യു ചെയ്ത ഈ ശ്രമം, എത്രയും അഭിനന്ദനീയമായിരിക്കുന്നു. ഈ പുസ്തകത്തെ സംബന്ധിച്ചു് ഒരു അവതാരിക എഴുതണമെന്നു് അദ്ദേഹം എന്നോടു് ആവശ്യപ്പെട്ടതിൽ അതു നിരസിക്കാൻ പാടില്ലാത്തവിധം എനിക്കു് ഈ ഗ്രന്ഥകർത്താവിനോടും, പ്രത്യേകിച്ചു് എൻെറ സ്വന്തഇടവകയോടുമുള്ള "കടമ" എന്നെ

ഇതിലേക്ക പ്രേരിപ്പിച്ചതാണ്. ഈ ചെറുപുസ്തകം ഞാൻ ആദ്യവസാനം സശ്രദ്ധം വായിച്ചുനോക്കി. പ്രസിദ്ധന്മാരായ പല കവികളും ഈ കൃതി പരിശോധിച്ചിട്ടുള്ളതുകൊണ്ട് ഇതിൻെറ കവിതാരചനയെ സംബന്ധിച്ച് ഒരഭിപ്രായം പറയേണ്ട ആവശ്യമേ ഇല്ല. ഹൃദ്യമായ ഗാഥാരീതിയിലും സർവത്ര ഭൂഷിതമായ ദ്വിതീയാക്ഷരപ്രാസത്തിലും ഇടയ്ക്കിടെയുള്ള ഉപമാദ്യലങ്കാരങ്ങളോടു കൂടിയും രചിച്ചിരിക്കുന്ന ഈ ചെറുഗ്രന്ഥം അർത്ഥഗൌരവവും ആശയവിശേഷവും കൊണ്ട് വളരെ രസാവഹമായിരിക്കുന്നു എന്നുള്ളതു കൂടാതെ പള്ളിസ്ഥാപനകാലത്തു് ജനസാമാന്യത്തിൻെറ മനോഗതി ഏതുവിധത്തിലായിരുന്നു എന്നു തെളിയിക്കുന്നതും ആകുന്നു.

തുമ്പമൺ സ്ഥലവർണ്ണനകളുടെ കൂട്ടത്തിൽ,—

“മുണ്ടകൻ പുഞ്ചവിരിപ്പുതുടങ്ങിയ
കണ്ടങ്ങളുണ്ടല്ലോ വേണ്ടുവോളം
സ്വച്ഛശ്രീ പച്ചപ്പട്ടാട വിരിച്ചപോ-
ലച്ഛന്നചാരുത ചേർന്നുകാണ്മു.
ഐശ്വര്യസമ്പൂർണ്ണ ലീലാവിലാസങ്ങ-
ളീശ്വരദത്തം വിചിത്രമേററം.”

എന്നു പറഞ്ഞിരിക്കുന്നതിലുള്ള തന്മയത്വവും ഉപമാലങ്കാരവും, പള്ളിസ്ഥാപകനായ പരുമല കൊച്ചുതിരുമനസ്സിലെ സുറിയാനിഗാനങ്ങളെപ്പററി—

“നല്ല സുറിയാനിരാഗാലാപം ചെയ്‌വാൻ
ചൊല്ലെഴും വൈദവമുള്ളോരെല്ലാം
തങ്ങടെ മൌലിയിൽ ചൂടേണ്ട വൈഡൂര്യ
മംഗളരത്നമീയാചാര്യൻ താൻ.
കല്ലുമലിഞ്ഞുപോമെന്നല്ല വൃക്ഷങ്ങ-
ങ്ങളെല്ലാം തന്നെ തലചാച്ചും മട്ടിൽ

യേശുപാദേ സ്തുതിപാടികഴിഞ്ഞപ്പോൾ
മോശസ്സു തുല്യൻ തിരിഞ്ഞുനിന്നു."

എന്നു വിവരിച്ചിരിക്കുന്നതിൽ കാണുന്ന അലങ്കാരങ്ങളും ഉത്തമമായ അതിശയോക്തിപ്രയോഗങ്ങളും, വെടിക്കെട്ടിനെ വർണ്ണിക്കുന്ന കൂട്ടത്തിൽ—

"മെല്ലെ"ക്കുഴിപ്പു" നിരത്തിവച്ചിട്ടു തീ-
തല്ലിജ്ജ്വലിപ്പിച്ചുകാട്ടുംവിധങ്ങളാൽ
ഉണ്ടാകും വർദ്ധിക്കും പിന്നെ നശിക്കുമി-
ക്കണ്ടതെല്ലാം ഭുവിലെന്നു തീർത്തോതിടാം."

എന്നു തുടങ്ങിയുള്ള തത്വജ്ഞാനങ്ങളും എത്രയും ശ്രദ്ധേയമായിട്ടുള്ളവയാകുന്നു. ഇതിലെ വിഷയസംഗ്രഹം പ്രധാനമായി,

1. മലയാളരാജ്യത്തു സുറിയാനിസഭയുടെ ഉത്ഭവം,
2. ഒന്നാംനൂററാണ്ടിൽ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ചായൽ പള്ളിയും അതിൻെറ അധഃപതനവും,
3. ആ കാലത്തു നിലയ്ക്കൽനിന്നും തുമ്പമൺദേശത്തു ക്രിസ്ത്യാനികൾ വന്നുചേർന്നതു്,
4. കടമ്പനാട്ടുപള്ളിയുടെ സ്ഥാപനം,
5. തുമ്പമൺ വല്യപള്ളിയുടെ ഉത്ഭവം,
6. തുമ്പമൺ ദേശവർണ്ണന,
7. മാർത്തോമ്മാ നവീകരണസഭയുടെ ഉത്ഭവത്തോടുകൂടി ഈ ദേശത്തും ടി സഭയുടെ ആവിർഭാവം,
8. മാർത്തോമ്മാപ്പള്ളിയുമായി ഉണ്ടായ മത്സരം,
9. ആദ്യത്തെ കൊച്ചുപള്ളി,
10. പള്ളിപ്രതിഷ്ഠക്കായുള്ള പരുമല കൊച്ചുതിരുമേനിയുടെ എഴുന്നള്ളത്തു ആഘോഷങ്ങൾ, പള്ളിപ്രതിഷ്ഠ മുതലായവ,

11. പള്ളിപണി,
12. ഇവിടെനിന്നും പിരിഞ്ഞുപോയ പള്ളിക്കാർ,
13. പ്രവർത്തകന്മാരെപ്പററിയുള്ള സ്മരണ,
14. ഇപ്പോഴത്തെ പട്ടക്കാർ,
15. പള്ളിയുടെ ഭാവിയെപ്പററിയുള്ള ആകാംക്ഷയും പ്രാർത്ഥനകളും,

ഈവിധം ഏതൽക്കാലപര്യന്തമുള്ള വിവരണങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. പുസ്തകം അധികഭാഗവും ഗാഥാരീതിയിൽ എഴുതപ്പെട്ടതാണെങ്കിലും അവ പല മട്ടുകളിലും ചൊല്ലാവുന്നതായതുകൊണ്ടു വായനക്കാർക്ക് അഭിരുചി കുറയുവാൻ ഇടയില്ല.

മിസ്റ്റർ മാത്യുവിൻെറ ഈ ശ്രമം ഇടവകജനങ്ങൾക്കും സമുദായാഭിമാനികൾക്കും സന്തോഷകരമായിരിക്കും എന്നുള്ളതിൽ എനിക്കു സംശയമില്ല. നമ്മുടെ ബാലികാബാലന്മാരെ പഠിപ്പിക്കാൻ ഇടവകയിലെ സൺഡേസ്കൂളിൽ ഒരു പാഠപുസ്തകമായി ഉപയോഗിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഈ പുസ്തകംമൂലം സത്യസഭയോടും നമ്മുടെ വള്ളിയോടും ഇടവകജനങ്ങൾക്കുള്ള ഭക്തി ഉത്തരോത്തരം വർദ്ധിച്ചുവരുമെന്നും അദ്ദേഹം ദൈവതിരുനാമത്തിനു മഹത്വമുണ്ടാകുമെന്നും ഉള്ള പ്രത്യാശയോടുകൂടി ഞാൻ ഈ പുസ്തകത്തെ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

1122 ഇടവമാസം 10-ാംനു-

പ്രൊഫസ്സർ റെി. ജി. കോശിക്കത്തനാർ എം. ഏ.,
ക്രിസ്ത്യൻ കാളേജ്, മദ്രാസ്.

THE KOTTAYAM PUBLIC
KOTTAYAM

# അഭിപ്രായങ്ങളും അനുമോദനങ്ങളും

ശ്രീമാൻ വി. എം. മാത്യു അവർകൾ രചിച്ച "തുമ്പമൺ കാദിശത്താപ്പള്ളി" എന്ന ഗാനകാവ്യം അദ്ദേഹംതന്നെ എന്നെ ആദ്യന്തം വായിച്ചു കേൾപ്പിച്ചു. മതപരമായ അതിന്റെ പ്രചോദനവൈഭവം സ്പഷ്ടമാണ്. ഒരു ക്രിസ്ത്യേതരനു പോലും കാദിശ്ത്താപ്പള്ളിയോട് ആദരവും ഭക്തിയും തോന്നിക്കത്തക്ക രീതിയിലാണ് അതിന്റെ രചന. അതിന്റെ കാവ്യകലാപരമായ ഭദ്രതയും അഭിനന്ദനീയമാണ്. ഒരു ചരിത്രം കാവ്യമാക്കുമ്പോൾ വന്നുകൂടിയേക്കാവുന്ന കലാപരമായ അപാകങ്ങൾ ഇതിനെ ബാധിക്കാതിരിക്കുവാൻ ഗ്രന്ഥകർത്താവ് നിഷ്ക്കർഷിച്ചിട്ടുണ്ട്. പല ഘട്ടങ്ങളും മികച്ച കലാസൃഷ്ടികളായും തിളങ്ങുന്നു. തുമ്പമൺകാർക്കു പൊതുവേയും കാദിശ്ത്താപ്പള്ളിയോടു ചേർന്ന ഭക്തജനങ്ങൾക്കു പ്രത്യേകിച്ചും ഇതൊരു ഉന്മേഷജനകസമ്പത്തായിരിക്കും.

ശ്രീ. വി. എം. മാത്യുവിനും ഈ കൃതിക്കും ഞാൻ സകല ഭാവുകങ്ങളും ആശംസിക്കുന്നു,

(വന്തളം കെ. വി. രാമൻപിള്ള (ഒപ്പ്)

31—12—124.

ശ്രീമാൻ വി. എം മാത്യു താൻ തീർത്താമീ-
യോമൽത്തുമ്പോൺപള്ളിതൻ സച്ചരിത്രം
സാമഞ്ജസ്യം, കോമളം, ഭാവനീയം,
കേമം, മേല്യം സൽക്കവേ! വെൽവൂതാക.

തേനോലും സഹകാരസൂന നിരയിൽ
തട്ടുന്ന മട്ടിൽ രസ-
ജ്ഞാനത്തോടു രരീകരിച്ച കളഗീ-
തം ചേർന്ന പുംസ്കോകിലം!
വാനോളം പുകൾതിങ്ങിയിസ്സഹൃദയോ-
ദ്യാനങ്ങളിൽ കൈരളീ-
സ്ഥാനോൽകൃഷ്ടതയാ, സദാപി വിഹരി-
ക്കട്ടേ വരട്ടേ ശുഭം.

ബ്രഹ്മശ്രീ പന്തളം കെ. നാരായണൻനമ്പ്യാതിരി.

ഉള്ളിൽക്കൊള്ളും പ്രബോധത്തോടു സുകൃതി ഭവാ-
നിമ്പമായ് തുമ്പമൺ തൂ-
പ്പള്ളിക്കാഴ്ചം കഥിച്ചുള്ളതു "സുകൃതി"യതായ്
മേൽ വഴക്കം ഭവിക്കേ
കൊള്ളിച്ചീടും ചരിത്രങ്ങളിലിതു സരസം
മാത്യുസാറേ! നവന്തൻ
തുള്ളിക്കൊള്ളും പദപ്രാഭവമിളിതമിദം
ഗാഥ ചേതോഹരാർഹം.

കവിതാവിഷയത്തിലീവിധം
കവിയും വാസനയുള്ളതാങ്കളിൽ
അവിളംബമനുഗ്രഹിക്കണം
ഭവികാംബോനിധി യേശുനായകൻ.

ശ്രീമാൻ അഞ്ചൽ ആർ. വേലുപ്പിള്ള.

THE KOTTAYAM PUBLIC L
KOTTAYAM.

# മുഖവുര

പൗരാണികചരിത്രങ്ങളും മറ്റും അറിവാൻ ഈ കാലത്തു് ചരിത്രാന്വേഷകന്മാർ ചെയ്യുന്ന അക്ഷീണപരിശ്രമങ്ങളും പുരാതന ലിഖിതങ്ങളോ ചരിത്രലക്ഷ്യങ്ങളോ കാണപ്പെട്ടാൽ അവയെ ഒരു വലിയ നിധിയായി കരുതിവരുന്നതും വിചാരിച്ചാൽ പ്രാചീന കാലങ്ങളിലെ ചരിത്രരേഖകളുടെ വില ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്. സുറിയാനി പുരാതനപള്ളികളുടെ ചരിത്രം ശരിയായി ഇന്നു മനസ്സിലാക്കുവാനുള്ള മാർഗ്ഗങ്ങൾ സുലഭങ്ങളല്ലാതിരിക്കുന്നു. അവതാരികയിൽ പറയുന്നതുപോലെ ചില പള്ളിപ്പാട്ടുകളോ അപൂർവങ്ങളായുള്ള ശിലാലിഖിതങ്ങളോകൊണ്ടു ചില പള്ളികളുടെ സ്ഥാപനകാലവും മറ്റും അറിയാമെന്നല്ലാതെ ശരിയായ ഒരു പ്രാരംഭചരിത്രം കിട്ടുന്നതിനു പ്രയാസമായിട്ടാണിരിക്കുന്നതു്.

അതിനാൽ തുമ്പമൺ കാദിശ്ത്താപ്പള്ളിയുടെ പ്രാരംഭചരിത്രം നിലനിർത്തണമെന്നും അതിലേക്കു് ഏതെങ്കിലുമൊരു രൂപത്തിൽ ഒരു കൃതിയുണ്ടാക്കണമെന്നും ഉള്ള ആഗ്രഹം കുറേ നാളുകൾക്കു മുമ്പു് സ്ഥലത്തു് എത്രയും പ്രശസ്തമായ രീതിയിൽ നടത്തിവന്നിരുന്ന "സെൻറു മേരീസ് യുവജനസംഘ"ത്തിനുണ്ടായതുനിമിത്തം അന്നു് അതിൻെറ സെക്രട്ടറിയായിരുന്ന എന്നെ അവർ ചുമതലപ്പെടുത്തുകയും സംഘത്തിൻെറ ഉപദേശമനുസരിച്ചു് അതു കുറെ എഴുതിത്തീർക്കയും, പരേതനായ സരസകവി മൂലൂർ എസ്സ്. പത്മനാഭപ്പണിക്കർ അവർകൾ അതു പരിശോധിക്കയും ചെയ്തു എങ്കിലും അന്നു പ്രസിദ്ധീകരണത്തിനിടയായില്ല. ഇപ്പോൾ ഈ പള്ളിയുടെ യോവേൽവർഷത്തിൽ ബഹുമാനപ്പെട്ട പള്ളിക്കാരുടെ ആവശ

മനുസരിച്ച് ഏതൽക്കാലപര്യന്തമുള്ള ഒരു ചുരുങ്ങിയ ചരിത്രം മുഴുവനാക്കി പ്രസിദ്ധീകരിക്കുന്നതും ആകുന്നു.

ഈ പള്ളിവികാരി ദിവ്യശ്രീ റവി. ജി. കോശിയച്ചൻ അവർകൾ എം. ഏ. എഴുതിയിട്ടുള്ള അവതാരിക ഇതിനൊരു ഭൂഷണമായിട്ടാണിരിക്കുന്നതു്. പ്രസിദ്ധ കവികളായി ബ്രഹ്മശ്രീമാന്മാരായ പന്തളം കെ. നാരായണൻനമ്പ്യാതിരി അവർകൾ, പറക്കോട്ടു ശാർങ്ങ്ഗധരൻനമ്പൂതിരി അവർകൾ, ശ്രീമാന്മാരായ അഞ്ചൽ ആർ. വേലുപ്പിള്ള അവർകൾ, ശങ്കരത്തിൽ ഏ. വി. മാത്യു അവർകൾ എന്നീ മാന്യമഹത്തുക്കൾ ഈ കൃതി പരിശോധിക്കയും ചില അഭിപ്രായങ്ങൾ അയച്ചുതരികയും ചെയ്തിട്ടുണ്ടു്. മേല്പറഞ്ഞ മഹാന്മാരോടും എൻെറ ബഹുമാന്യസുഹൃത്തായ അവതാരികാകർത്താവിനോടും, ഈ കൃതി വായിച്ചുകേട്ടു് വിലയേറിയ അഭിപ്രായം എഴുതിയ സുപ്രസിദ്ധ സാഹിത്യകാരനും കവിയും ആയ ശ്രീമാൻ പന്തളം കെ. വി. രാമൻപിള്ള ബി. ഏ. ബി. റ്റി. അവർകളോടും, ഈ പുസ്തകം ഭംഗിയായി അച്ചടിപ്പിച്ചുതന്ന മനോരമപ്രസ്സ് മാനേജരോടും എനിക്കും പള്ളിഇടവകക്കാർക്കും ഉള്ള നിർവ്യാജമായ നന്ദിയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

നിലയ്ക്കൽ പാളയങ്ങളുടെ ഉപദ്രവം നിമിത്തം അവിടുത്തെ നിവാസികൾ ആ സ്ഥലംവിട്ടു പോയതും, അവിടെനിന്നും ക്രിസ്ത്യാനികൾ തുമ്പമൺദേശത്തു വന്നുപാർത്തതും മററും പന്തളംകൊട്ടാരത്തിലെ ഗ്രന്ഥവരിയിൽ ഉള്ളതും ആ അറിവുകൾ കൊട്ടാരത്തിൽനിന്നും ലഭിച്ചിട്ടുള്ളതും ആകുന്നു.

തുമ്പമൺ കാദിശ്ത്താപ്പള്ളിച്ചരിത്രമാകുന്ന സുവർണ്ണസോപാനത്തിൻെറ ആദ്യപടി ഈവിധം ആദിമകാലത്തെ അൻപതു വർഷങ്ങളിലെ സംഭവങ്ങൾ ചേർത്തു് ഈ ജൂബി

ലിവർഷത്തിൽ നിർമ്മിച്ചാൽ ഓരോ അൻപതു വർഷവും കഴിയുംതോറും അതതുകാലങ്ങളിൽ ഓരോപടി വീതം മേല്പോട്ടു പടുത്തിണക്കിക്കൊള്ളുമെന്നുള്ള എന്റെ പ്രത്യാശയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. "Something is better than nothing" അതായതു്:-

ഒന്നുമില്ലാതെ വരുമെന്നതിനേക്കാളേററം
നന്നുതന്നെയാണല്പമുള്ളതു വിചാരിച്ചാൽ.

ഈ തത്വമനുസരിച്ചു് ഈ ചെറിയ കൃതി സഭയിലെ മഹാജനങ്ങൾ വായിച്ചു സന്തോഷിക്കുമെന്നു വിശ്വസിക്കുകയും, ഇതിൽ വല്ല സ്ഖലിതങ്ങളും വന്നുപോയിട്ടുണ്ടെങ്കിൽ ആയതു ബഹുജനങ്ങൾ സദയം ക്ഷമിക്കണമെന്നഭ്യർത്ഥിക്കയും, ഇന്നുള്ളവരേക്കാൾ ഭാവിതലമുറകൾ ഈ ചരിത്രത്തെ അധികം വിലമതിക്കുമെന്നു പ്രതീക്ഷിക്കയും ഇത്രയും സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുകയും ചെയ്തുകൊണ്ടു് ബഹുമാനപ്പെട്ട ഇടവക മഹായോഗത്തിൽ ഈ ലഘുകാവ്യത്തെ വിനയപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ,

1125 ധനു 17
1950 ജനുവരി 1-ാംനു

വി. എം. മാത്യു.



# തുമ്പമൺ കാദീശ്ത്താപ്പള്ളി

ശ്രീതിങ്ങും ശിശുവായ് ജനിച്ചവനിമേൽ
മർത്ത്യർക്കു മദ്ധ്യസ്ഥനായ്,
നിത്യാനന്ദദനായ്, കൃപാമഴപൊഴി-
ച്ചീടുന്ന നീലാഭ്രമായ്;
ഏതും ഭക്തജനത്തിനിഷ്ടമരുളാൻ
കെല്പാർന്ന കല്പദ്രുമാ-
യിത്ഥംശോഭിതനേശുവും മറിയമാം
മാതാവുമാലംബനം.

---

(മഞ്ജരി)

ശ്രീയേശുദേവൻെറ തൃപ്പാദപത്മം ഞാൻ
മായം വെടിഞ്ഞു നമിച്ചീടുന്നേൻ.

ദേവാധിദേവനാം സർവജഗൽപ്പതേ!
താവകാനുഗ്രഹമേകീടേണം.

ചിത്തത്തിലാനന്ദമേററം വളർത്തണം
സത്യസ്വരൂപനാം തമ്പുരാനേ;

അല്പജ്ഞനാമിവനിക്കഥ വർണ്ണിപ്പാൻ
കെല്പും നീ തന്നുതുണച്ചീടേണം. ൪

---

പത്മം=താമര.

പാപാന്ധകൂപത്തിൽ നിന്നുതൻഭക്തരെ–
ത്താപമകററി വിമുക്തരാക്കി;

അൻപിനോടായുസ്സുമാരോഗ്യം, വിജ്ഞാന–
സമ്പത്തുംനൽകീടും കാരുണ്യാബ്ധേ!

അങ്ങേക്കടാക്ഷമിന്നെന്നിലുണ്ടാകുവാ–
നിങ്ങിതാ, വീണ്ടും നമസ്കരിപ്പൂ.

"ഈശോ! നമോസ്തുതേ സർവലോകാധിപാ!
യീശോ! നമോസ്തുതേ ദേവദേവാ!".

ഭംഗിയായ്പൂക്കൾ വിടൎന്നുകുളിർകാററി–
ലെങ്ങുംസുഗന്ധഗുണംപരത്തി;

വാസന്തിവല്ലിപടൎന്നുപുണരും നൽ–
വാസന്തചൂതത്തിൻശാഖയൊന്നിൽ;

വാസംപിടിച്ചുവളരെമനോജ്ഞമാം
പ്രാസംതികഞ്ഞുള്ള പാട്ടുപാടി;

വാസനകാണിക്കും പൊൻപൂങ്കുയിലേ! നീ
വാ, സന്നിധിയിലെൻ പ്രേമസിന്ധോ.

തുമ്പമൺകാദിശ്ത്താപ്പള്ളിച്ചരിത്ര മി–
ന്നിമ്പമായ്കേൾപ്പാനെനിക്കുമോഹം.

പാലുംപഴവും തേന്മാവിൻ ഫലങ്ങളും
ചേലിൽഭുജിച്ചുസംതൃപ്തിയാൎന്നു്;

---

പാപാന്ധകൂപം=പാപമാകുന്ന അന്ധകൂപം.
കൂപം=കിണറു്. താപം=ദുഃഖം.
കാരുണ്യാബ്ധേ=കരുണയുടെ സമുദ്രമായുള്ളോവേ.
നമോസ്തുതേ=അങ്ങേക്കു നമസ്കാരം.
ഈശോ=ശ്രീയേശു.
വാസന്തി=പിച്ചകം.
വാസന്തചൂതം=വസന്തകാലത്തിലെ മാവു്.
വാസം=പാർപ്പിടം. വാസന (മണം).
വാസന=സ്വതസിദ്ധമായ സാമൎത്ഥ്യം.

ഉല്ലാസമോടു പൂകളേവുമക്കഥ
ചൊല്ലുവാൻ തെല്ലുകനിഞ്ഞീടേണം.

ശീലഗുണമുള്ള പൂങ്കുയിലിമ്മട്ടു
കാലാനുകൂലമപേക്ഷകേട്ടു.

ശ്രീലാമോദപരിപൂരിതചേതസ്സാ-
ന്നാലാപം ചെയ്യുവാനാരംഭിച്ചു.

പ്രാലേയശീതമായ് ദ്രാക്ഷാമധുരമായ്
പാരിലോലുംമട്ടേവംപാട്ടുപാടി:-

## II

ഈലോകമൊക്കെയുമൻപാന്നു സൃഷ്ടിച്ചു
ചേലോടിതുപോൽ പുലർത്തും ദൈവം;

മാലൊക്കെ നീക്കിയുമാമോദമേകിയും
പാലിപ്പാൻ ഞാനിതാ കുമ്പിടുന്നേൻ.

ഇപ്പാരിൽഗബ്രിയേൽ ദൂതൻവന്നോതിയോ-
രപ്പരമേശനിയോഗംപോലെ;

കാരുണ്യവാരിധിയാകും സർവ്വേശൻ തൻ
പൂരിതചൻപരാശക്തിമൂലം;

മർത്ത്യരക്ഷയ്ക്കായ് വിശുദ്ധമറിയാമ്മിൽ
മർത്ത്യനായിട്ടവതാരം ചെയ്തോൻ;

ഭൂവിൽതൻ ഭക്തരോടൊന്നിച്ചു നിത്യവും
ജീവിച്ചുവേണ്ടപോൽ രക്ഷചെയ്‌വോൻ;

കന്യാതനയനാം ക്രിസ്തുവിൻ പാദങ്ങ-
ളന്യൂനഭക്ത്യാഞാൻ വന്ദിക്കുന്നേൻ.

---

ശ്രീലാമോദം=വർദ്ധിച്ച സന്തോഷം.
ആലാപം=പാട്ട്.
പ്രാലേയം=മഞ്ഞ്. ദ്രാക്ഷാ=മുന്തിരിങ്ങ
പരാശക്തി=ഉൽകൃഷ്ടശക്തി. ചിന്മയൻ=ദൈവം.

നേരായമാർഗ്ഗം മനസ്സിലുദിക്കുവാൻ
പാരം പരിശുദ്ധരായുള്ളോരും;

ചിന്മയനെപ്പെറേറാരകന്യാശ്രീ മേരി-
യമ്മയുമെന്നിൽ കനിഞ്ഞീടേണം.

ഈശോത്ഭവൻ, നിത്യൻ, നിസ്പൃഹൻ, നിർമ്മല- 56
ന്ശോ തന്നന്ത്യവചനം മൂലം;

ശേഷമുള്ളപ്പോസ്തോലപ്രൗഢരിൽ സുവി-
ശേഷപ്രസംഗത്തിനദ്വിതീയൻ;

അദ്രിക്കുമാഴിക്കും മദ്ധ്യത്തിലൌന്നത്യ-
വിഭൂതിയാർന്നോരിക്കേരളത്തിൽ;

മുത്തോടുവന്നുതൻ മാർഗ്ഗം സ്ഥാപിച്ചോര-
മ്മാർത്തോമ്മാ ശ്ലീഹായും കാത്തീടേണം. 62

## III

ഉത്തമരായുള്ള പന്ത്രണ്ടുശിഷ്യരിൽ
സത്തമൻ മാർത്തോമ്മാശ്ലീഹാഭവ്യൻ; 64

ആദിമനൂററാണ്ടിൽ മദ്ധ്യകാലത്തിലി-
ബ്ഭൂതിയെഴുന്ന മലങ്കരയിൽ;

സ്ഥാപിച്ചോരുത്തമക്രൈസ്തവർ വ്യാപിച്ചു
രാപിന്നിട്ടെത്തുമുഷസ്സുപോലെ.

വർദ്ധിച്ചീക്രിസ്തീയരൂഴിമേലാകാശ-
വീഥിയിൽ താരഗണങ്ങളെപ്പോൽ.

സംഖ്യാബലത്തിലും സാമൂഹ്യജീവിത
സഖ്യതയ്ക്കുമവർ മുമ്പരായി. 72

---

നിസ്പൃഹൻ=ആഗ്രഹമില്ലാത്തവൻ.
നിർമ്മലൻ=പരിശുദ്ധൻ. അദ്രി=പർവ്വതം
ആഴി=സമുദ്രം. മുത്തോടു=സന്തോഷത്തോടു.
സത്തമൻ=ശ്രേഷ്ഠൻ. ഭൂതി=ഐശ്വര്യം.

ദ്യോവിൽ വിളങ്ങുമാനക്ഷത്രപംക്തിപോൽ
ഭുവിൽവിരാജിച്ചു നാൾക്കുനാളിൽ.

ഇങ്ങനെകാണായവർഷംപതിനഞ്ചു
മങ്ങളനൂററാണ്ടു ചെന്നശേഷം,

തന്മതവിശ്വാസം ചെമ്മേപുലത്തുവാൻ
സമ്മോദാൽസ്ഥാപിച്ചു "തുമ്പോൺപള്ളി".

പൂർവ്വചരിത്രമൊന്നല്പമായ് സന്തോഷ-
പൂർവ്വംഞാൻ ഭാഷണം ചെയ്തുകൊൾവൻ 80

## IV

ഒന്നാകുംനൂററാണ്ടിൽ കേരളദേശത്തിൽ
വന്നോരമ്മാർത്തോമ്മാശ്ലീഹാ, ദിവ്യൻ;

കൊല്ലം, കൊടുങ്ങല്ലൂർ, കോട്ടക്കായൽ, ഗോകു-
മംഗലം, പാലൂർ, നിരണം, ചായൽ;

എന്നിദ്ദേശങ്ങളിലായേഴുപള്ളിക-
ളന്നുനിർമ്മിച്ചെന്നു സുപ്രസിദ്ധം.

ചായൽശബരിമലയുടെയന്തിക-
ത്തായിന്നുകാണും നിലയ്ക്കലത്രേ:- 88

പാഴാം "*പറപ്പററം". തന്നുടെപീഡയാൽ
കേഴുംനിലയ്ക്കലെ മർത്ത്യരെല്ലാം;

അട്ടിക്കിൻനാഥനാം പന്തളഭൂപനോ-
ടാദ്യന്തംകഷ്ടത ചൊന്നതിനാൽ;

അക്കാലംതാൻവാഴും പന്തളദേശത്തിൽ
ചിക്കെന്നഭയമരുളിഭൂപൻ.

---

ദ്യോവ്=ആകാശം.

*പറപ്പാററായുടെ ഉപദ്രവം എന്നു ഇപ്പോൾ ജനങ്ങൾ പറഞ്ഞുവരുന്നു. പറപ്പററം എന്നാണ് പദം. മലവാസികളും അക്രമികളും ആയ പാണ്ടിപ്പറയന്മാരുടെ കൂട്ടം പണ്ടു നാട്ടുകാരെ കൊള്ളചെയ്തു പോന്നിരുന്നു.

ക്രിസ്തീയവർഗ്ഗത്തിലൊട്ടുപേർ തങ്ങൾതൻ
മിത്രങ്ങൾ സൗഖ്യമായ് വാണരുളും; 96

കാഞ്ഞിരപ്പള്ളിയാം ദേശത്തുമാനസം
കാഞ്ഞിടാതെത്തിനാൻ പാർത്തുകൊൾവാൻ.

ഏതാനുമാളുകൾ തുമ്പമൺദേശത്തു-
മേതാനുംമർത്ത്യർ കുടശ്ശനാട്ടും;

സ്വൈരം കടമ്പനാടെന്നുള്ള ദിക്കിലും
പാരാതെചെന്നു നിവാസം ചെയ്താർ.

ക്രിസ്തീയവർഗ്ഗമങ്ങെന്നാൻപതം നൂറാണ്ടിൽ
സ്വസ്ഥമായ് വാണകടമ്പനാട്ടിൽ. 104

പള്ളിയൊന്നങ്ങുനിലയ്ക്കലേ പോലവ-
രുള്ളുണർന്നക്കാലം തീർത്തുപോലും;

പിൽക്കാലംവിശ്രുതി മാത്രമായ് ശേഷിച്ചു
മിക്കവാറുംമാഞ്ഞു ചായൽപ്പള്ളി.

ഇന്നാവനാന്തരേ വീണുകിടക്കുന്നോ-
രുന്നതം കൽക്കുരിശുണ്ടുകാണ്മാൻ.

പന്തളംരാജാവിൻ സേവകരായ്പ്പാര-
മന്തസ്സെഴുന്ന മഹാനുഭാവർ. 112

കെല്പാർന്നനസ്രാണിവീരന്മാർ ശ്ലാഘ്യന്മാർ
ചൊല്പൊങ്ങുമിദ്ദിക്കിൽ വാണിരുന്നു.

അന്നുസൈന്യാധിപനായിട്ടു പന്തള-
മന്നനെ സേവിച്ചോരിട്ടിമാത്തൻ;

നാട്ടുമറന്നാലും മൂട്ടുമറക്കവാൻ
പാടില്ലയെന്നുള്ള വാക്യമോർത്തു;

---

ഭൂപൻ=രാജാവ്. ചിക്കെന്ന്=പെട്ടെന്ന്.
അഭയം=രക്ഷ. മന്നൻ=രാജാവ്.

തന്നുടെയാദിമദേശത്തിൻ നാമത്തെ
എന്നും സ്മരിക്കുവാൻ തക്കവണ്ണം;

വീടൊന്നിത്തുമ്പമൺ ദേശത്തങ്ങക്കാല-
മീടോട്ടുതീർത്തു "നിലസ്കൂലെന്നു്".

ഇന്നും 'നില സ്കൂലെ' ന്നുള്ള നാമം നില-
നിന്നുവരുന്നുണ്ടു തുമ്പമണ്ണിൽ.

മറ്റും പുരാതന മാന്യകുടുംബങ്ങൾ
മുറ്റുമിദ്ദേശത്തനേകമുണ്ടു്.

അന്നുകടമ്പനാട്ടുള്ളൊരു പള്ളിയിൽ
ഖിന്നതകൂടാതെ തുമ്പമൺകാർ;

കൂടിനടന്നുവന്നാറുനൂറ്റാണ്ടേവം
കൂടെ കഴിഞ്ഞതിൻ ശേഷമന്നാൾ;

കൊല്ലമെഴുനൂറ്റിപ്പത്തിനോടാറൊത്തു
ചൊല്ലെഴുമാണ്ടിലച്ചിങ്ങമാസേ;

തങ്കൽപാരം പ്രൗഢിചേർന്ന നൽക്രിസ്തീയ
സംഘപ്രബുദ്ധതയ്ക്കൊത്തവണ്ണം;

തുമ്പമൺപള്ളിസംസ്ഥാപനം ചെയ്യുവാൻ
സമ്പൂർണ്ണമോദമൊരുങ്ങിപോലും.

രണ്ടില്ലപക്ഷം, മന്നൈക്യമാന്നാളുകൾ
കൊണ്ടാടിക്കാര്യം നടത്തിവന്നു.

അന്തമില്ലാത്തസഹായങ്ങൾ ചെയ്യുന്നൽ-
പന്തളഭൂപാലൻ ധർമ്മശീലൻ.

ഉള്ളത്തിൽത്തിങ്ങിയ വാത്സല്യംഹേതുവാൽ
പള്ളിക്കുവേണ്ടുന്ന ഭൂമിനൽകി.

അമ്മട്ടിൽവേണ്ടുന്ന സ്വാനുകൂല്യവു-
മമ്മഹീപാലകൻ ചെയ്തുചെമ്മേ.

---

പ്രബുദ്ധത=ജ്ഞാനം. ഉണർവ്വ്.
മഹീപാലകൻ=രാജാവ്.

കന്യാമറിയത്തിൻനാമം വഹിച്ചുമ-
ത്യുന്നമ്രശില്പവൈശിഷ്ട്യമാൎന്നും;

നിസ്തുലമിദ്ദേശലക്ഷ്മിതൻ നെററിയിൽ
കസ്തൂരിപ്പൊട്ടിൻെറ മാററുചേൎന്നും;

കാണികൾക്കേവൎക്കും കൺകുളിൎക്കുംമട്ടു
കാണാംമനോഹരം വല്യപള്ളി.

ദിവ്യനിതാന്തശ്രീ വന്ദ്യനായിട്ടും മാർ-
പത്രോസുപാത്രിയൎക്കീസുബാവാ;

നല്ലമലയാമെരുശലേമെന്നൊരു
ചൊല്ലെഴും നാമമിതിന്നുനൽകി.

## V

ഇപ്പള്ളിനില്ക്കുന്ന ദേശത്തിൻവൈശിഷ്ട്യ-
മല്പമൊരുന്നാതീടാം കേട്ടുകൊൾവിൻ.

മുൻകാലം ഹൈന്ദവക്ഷേത്രത്തിനുള്ളൊട്ടു
വൻകരകൾക്കു മൊന്നായനാമം;

തുമ്പമണ്ണെന്നു പ്രസിദ്ധമാമിസ്ഥല-
മിമ്പം വളൎത്തീടുമേതൊരാൾക്കും.

തുമ്പമൺതാഴത്തു, മേറത്തും, നല്ലൊരു
സമ്പ്രീതിചേൎക്കും ചെന്നീൎക്കരയും;

മുട്ടത്തുകോണം, നടുവിലേതെന്നോതും
ചട്ടററീടുംകര, മാമ്പിലാലി.

ആരമ്യമാം നരിയാപുരം, മുട്ടത്തു-
മോരുമ്പോളിങ്ങനെയിസ്ഥലങ്ങൾ;

---

അത്യുന്നമ്രം=അത്യുന്നതം. അതിശ്രേഷ്ഠം.

ശില്പവൈശിഷ്ട്യം=കൊത്തുപണികളുടെ മാഹാത്മ്യം

നിസ്തുലം=തുല്യമില്ലാത്തതു്. ശ്രേഷ്ഠം.

പുഷ്ടപ്രകൃതിവിലാസ വിശേഷങ്ങൾ-
ക്കേറ്റം പ്രശസ്തിതൻ ധാമമായി;

നന്നാലുവീതമങ്ങാററിന്നിരുപുറ-
ത്തിന്നുംപ്രദേശാഭിപ്പൂരമ്യമായി.

ഇദ്ദേശംതന്നുടെ മാഹാത്മ്യമോതുവ-
നൽപ്രമോദപ്രദം കേൾക്കിലാക്കും.

പാരംപ്രസിദ്ധമാമാംഗ്ളേയഭാഷയെ
നേരേപഠിപ്പിക്കാൻ വേണ്ടമട്ടിൽ;

ചാലേസംസ്ഥാപിച്ച വിദ്യാലയം പട്ടി-
യാലേററം ശോഭിച്ചിട്ടുണ്ടുകാണാം.

നേരായ് പലപല സ്ഥാനത്തുദ്യോതിക്ക-
മോരോതൊഴിലുകളാന്നവരും;

ബി.എ., ബി.എൽ., എം.എ., യാദിബിരുദുകൾ
സ്വായത്തമാക്കിയ വിദ്വാന്മാരും;

അത്രൈവകാണുവാൻ മുഖ്യമാംകാരണം
പ്രസ്തുതവിദ്യാനികേതമത്രേ.

സദ്ധുക്കൾക്കന്ധതതീർത്തേററം വിജ്ഞാനം
സാധിപ്പിച്ചീടുവാൻ ധാടിയേറും;

സാധകശക്ത്യാവിചിത്രമായ് നിർമ്മിച്ച
ബോധനശാലകളുണ്ടുവേറേ.

യോഷാജനങ്ങൾക്ക ഭാഷാഭിവൃദ്ധിക്ക
ദേഷായിതീർത്തുള്ള ശാലവേറെ.

ബാലകക്കുള്ളംതെളിക്കവാനായ് പാഠ-
ശാലകളൊട്ടല്ലലാലസിപ്പൂ.

പുഷ്ടപ്രകൃതിവിലാസം=അത്യധികമായ പ്രകൃതി സൌന്ദര്യം ധാമം=ഇരിപ്പടം, സാധകം=അന്യൻെറ ആഗ്രഹത്തെ സാധിപ്പിക്കുന്നതിനു് സഹായിക്കുന്നതു്.

വാണിജ്യം, കർഷകവൃത്തിയുമെന്നല്ല
ചേണുറ്റെഴുന്ന വ്യവസായവും;

കാണികൾക്കാനന്ദമേകും കണക്കിനു
കാണാം കണ്ണികയും ഭേദമെന്യേ.

പാണ്ടിയുമായിട്ടു മൊത്തമാം വ്യാപാരം
വേണ്ടപോൽ പണ്ടേ നടത്തീടുന്നു.

ഹൈന്ദവ ക്രൈസ്തവമുഖ്യമഹാജന-
മൊന്നുപോലൈക്യമായ് വാണീടുന്നു.

താണവരും നല്ലുയന്നവരുംപോലെ
കാണാം നിമ്നോന്നത ഭൂവിശേഷം.

ഏറാവുമുണ്ടെങ്കിൽ താഴ്ച്ചയുമുണ്ടെന്ന-
തേറമുണർത്തുമുയന്നവരിൽ.

തിങ്ങിത്തഴച്ചുവളരും തരുക്കളു-
മെങ്ങുമേ കാണാം മനോഹരമായ്.

പാരിലെ മന്ദാരമാകുന്ന വാരുററ
കേരവൃക്ഷങ്ങൾ നിബിഡമായി;

പ്ലാവും കമുകും, രസാല, താലങ്ങളും
താവുന്നതുണ്ടതി മാത്രമെങ്ങും.

മാവും, പുളി, പുന്ന, പേരാല്, മാഞ്ഞിലി-
യീവണ്ണം ചൊല്ലിയാലുണ്ടസംഖ്യം.

---

നിമ്നോന്നതം=പൊങ്ങിയും താണും. തരു=വൃക്ഷം
മന്ദാരം=കല്പവൃക്ഷം. വാരുററ=ഭംഗിയുള്ള
രസാലം=തേന്മാവ്. താലം=പന
താവുന്ന=ശോഭിക്കുന്നു.

സ്വച്ഛന്ദം സർവ്വോപകാരൈകദീക്ഷയാ-
ന്നച്ഛസ്ഫടികജലം വഹിക്കും;

അച്ഛൻകോവിലെന്നു പേർ ചൊല്ലും വാഹിനി
ഉച്ചഭാസ്സേന്തിയൊഴുകീടുന്നു.

നിശ്ചയമിന്നതിൻ തീരപ്രദേശങ്ങൾ
മെച്ചമാണേററം ഫലപുഷ്ടിയാൽ.

തുഷ്ടിയാക്കുമേകും കൃഷ്യർഹമായുള്ള
തോട്ടങ്ങൾ കേദാരരത്നങ്ങളായ്

മുണ്ടകൻ, പുഞ്ച, വിരിപ്പു തുടങ്ങിയ
കണ്ടങ്ങളുണ്ടല്ലോ വേണ്ടുവോളം.

സ്വച്ഛശ്രീ പച്ചപ്പട്ടാട വിരിച്ചപോ-
ലച്ഛന്ന ചാരുത ചേർന്നു കാണ്മൂ.

ഐശ്വര്യസമ്പൂർണ്ണലീലാവിലാസങ്ങ-
ളീശ്വരദത്തം വിചിത്രമേററം.

## VI

ഈവണ്ണം ഭൂരി വിഭൂതി വിഖ്യാതമായ്
ശോഭനമാമിപ്രദേശം തന്നിൽ.

പത്തുപതിനഞ്ചു നാഴികക്കുള്ളിലെ
ക്രിസ്ത്യൻകുടുംബങ്ങൾ സ്വൈരമായി;

---

സ്വച്ഛന്ദം=സ്വാതന്ത്ര്യമായി. തടവില്ലാതെ.
സർവ്വോപകാരൈകദീക്ഷയാന്ന്=സകലർക്കും ഉപകാരം ചെയ്യണമെന്നുള്ള ഏക വ്രതത്തോടുകൂടി. അച്ഛസ്ഫടികജലം=നിർമ്മലജലം.
വാഹിനി—നദി
ഉച്ചഭാസ്സ്=വലിയ ശോഭ.
കേദാരരത്നങ്ങൾ=വിശേഷപ്പെട്ട വയലുകൾ.
അച്ഛന്നം=തെളിവായ
ഭൂരിവിഭൂതി=വർദ്ധിച്ച ഐശ്വര്യം.

എത്രയും പാവനമായിട്ടും തുമ്പമൺ
ഭദ്രാസനപ്പള്ളി തന്നിൽ ചേൎന്നു;

പ്രസ്തുത പള്ളിയിലാരാധന ചെയ്യും
നിസ്തുലസൗഖ്യമായ് വാത്തുവന്നു. 232

തുമ്പമൺപള്ളിക്കന്നായിരം വീട്ടുകാ-
രിമ്പമായുണ്ടെന്നു ചൊല്ലിവന്നു.

ഏഴാണിടവക മാന്യമലങ്കര-
യേഴിലും തുമ്പമൺ കേൾവിയാൎന്നു.

പിൽക്കാലത്തങ്ങു മലങ്കരയോഗത്തി-
ലൊക്കവേ കക്ഷികൾ രണ്ടുണ്ടായി.

പാലക്കുന്നത്തു പ്രശസ്തകുടുംബത്തിൽ
ചേലോട്ടുദിച്ചോരു വന്ദ്യദേഹം; 240

പാവനശീലൻ മലങ്കരനാഥനാ-
മാബല്യമെത്രാപ്പോലീത്താ ധന്യൻ.

മാത്യൂസ്മാറത്താനാസ്യോസു വാഴുംകാല-
മന്ത്യോഖ്യാസിംഹാസനത്തോടല്ലം;

യോജിപ്പുവേരാതാധീരൻ തിരിഞ്ഞുകൊ-
ണ്ടോജസ്സുയൎത്തി നടത്തികാര്യം.

വിശ്വവിഖ്യാതനാം മാർ മത്തൂസ്സോടൊത്തു
വിശ്വസ്തരായ് നിന്ന കൂട്ടർകൂടി; 248

നന്നായിട്ടന്നു പരിഷ്ക്കരിച്ചിട്ടവ-
രൊന്നായി സ്ഥാപിച്ച സംഘമല്ലോ;

"മാൎത്തോമ്മാ"നൂതനയോഗമെന്നോൎക്കണം
പുത്തനായ് നൽകിയ നാമധേയം.

വിശ്വാസാചാരങ്ങളൊട്ടു പരിഷ്ക്കരി-
ച്ചീസ്സഭയ്ക്കുള്ളിലുപന്യസിച്ചു.

---

ഉത്തരതീരം=വടക്കേക്കര

ആററിൻെറയുത്തരതീരത്തു വാഴ്കവതി-
ലേററമാവിശ്വാസമാൎന്ന കൂട്ടർ;

ഒന്നൊന്നു സംഘമായ് പള്ളിയും സ്ഥാപിച്ചു
ചെററും മടിക്കാതെയിസ്ഥലത്തിൽ.

സ്വൈരതയേററവുമാൎന്നവരങ്ങിനെ
ഗൌരവപൂൎവ്വം വസിച്ചിരുന്നു.

പൂൎവ്വികവിശ്വാസം കൈവിടാതുള്ളതിൽ
പാരം മടിയാൎന്ന മൎത്ത്യരാരും;

നൂതനമാകുമിപ്രസ്ഥാനം തന്നില-
ങ്ങേതു മടക്കാതൊഴിഞ്ഞു നിന്നു.

ഭവ്യന്മാൎക്കുത്തംസമായി വിളങ്ങീടും
ദിവ്യശ്രീ സംയുതൻതാനുഭവലിൽ;

ഗീവൎഗ്ഗീസ്സെന്നഭിധാനമാൎന്നമഹാ-
നീവൎഗ്ഗത്തിൻ മുമ്പനായി നിന്നു.

വിണ്ടലമെങ്ങുമേ കൊണ്ടൽമൂടി മഴ-
കൊണ്ടു കോലാഹലം പൂണ്ടീടും നാൾ;

ഘോരമായ് കൂലം കവിഞ്ഞോഘമാൎന്നു കൊ-
ണ്ടാരാവമാപഗ ചെയ്തീടുമ്പോൾ;

തെക്കേക്കരയെഴുമാവല്യപള്ളിയിൽ
തക്കംപോൽച്ചെന്നു വണങ്ങിക്കൊൾവാൻ;

ആററിൻെറയുത്തരതീരനിവാസികൾ-
ക്കേററം വിഘാതമായെന്നുവന്നു.

---

ഉത്തംസം=ശ്രേഷ്ഠം

വിണ്ടലം=ആകാശം. കൊണ്ടൽ=മേഘം

കൂലം=കര. ഓഘം=ജലപ്രവാഹം

ആരാവം=വലിയ ശബ്ദം

ആപഗ=നദി.

ആറുകടന്നുചെന്നാരാധനയ്ക്കേവം
പാരംപണിയെന്ന കാരണത്താൽ;

പുത്തനായ് സ്ഥാപിച്ച മാർത്തോമ്മാസംഘത്തി-
ലത്തലെന്യേയിവർ ചേർന്നിടുമോ?

കാലക്രമേണ സുറിയാനിസംസത്തു
കാലക്കേടിൽപ്പെട്ടു ശൂന്യമാമോ?

ഇത്തരമുത്തരതീരപ്രവാസികൾ
സത്യവിശ്വാസികൾ സംശയിച്ചു.

സ്വാന്തമിളകിയീ സംഭ്രാന്തി കൈക്കൊള്ളും
ചിന്താപ്രവാഹത്തിൽ മുങ്ങിമുങ്ങി;

സങ്കടം പാടേ വിപാടനം ചെയ്യുവാ-
നങ്കുരിച്ചുള്ളത്തിൽ വാഞ്ഛയേറ്റം.

പൗരപ്രമാണികൾ കാര്യത്തിൻവാസ്തവം
ഗൗരവമായി ഗ്ഗണിച്ചതിനാൽ;

ഒത്തുനിരൂപിച്ചു തൽപരിഹാരാർത്ഥ-
മത്തല്ലിൽ വേറൊരു പള്ളിതീർപ്പാൻ

മാർത്തോമ്മാപ്പള്ളിക്കു നേർകിഴക്കായിട്ടീ-
യാറ്റിന്റെ യുത്തരപ്രാന്തം തന്നിൽ;

സമ്പൂർണ്ണമോദം ചമച്ചവരേവരും
"തുമ്പമൺ കാദിശ്ത്താപ്പള്ളി" തന്നെ.

പ്രാന്തപ്രദേശക്കാർ തന്നാൽ നിഷേവിതം
ശാന്തിപ്രദമിതുയർന്നു കാൺക;

കുറ്റക്കാരായിട്ടും മർത്ത്യർതൻ മാദ്ധ്യസ്ഥ്യം
കർത്താവോടോതുന്നിതെന്നു തോന്നും.

---

സംസത്തു് = സഭ

നിഷേവിതം = ആരാധിക്കപ്പെട്ടതു്

ഓതുന്നിതു = ഇതു് (കാദിശ്ത്താപ്പള്ളി) പറയുന്നു.

രാജപാതക്കെഴും ദക്ഷിണഭാഗത്തു
രാജിക്കും ദേവാലയത്തെ പാത്താൽ;

രാജാധിരാജനാമീശൻെറ സാന്നിദ്ധ്യം
യോജിച്ചു കാണുന്നുണ്ടെപ്പൊഴുതും.

പ്രാരംഭവേളയിലുള്ള ജനങ്ങളും-
നേരായിതിൽപ്പിന്നെച്ചേരുവോരും;

ഒന്നിച്ചുചേലിൽ സമതാപമായ് വത്തിപ്പാ-
നന്നത്തെ പൗരന്മാർ ബുദ്ധിമാന്മാർ;

ആ രമ്യഭൂഭാഗമന്നു മുമ്പന്മാരി-
ലാരുടെയും പേരിൽ വാങ്ങിയില്ല.

പള്ളി സ്ഥാപിച്ചൊരപ്പുണ്യസ്ഥലമവ-
രുള്ളത്തിൽ തെല്ലും മടിച്ചീടാതെ;

വല്യപള്ളിക്കു വികാരിയാം മന്നൊരു
വല്യച്ചൻപൂതക്കുഴിക്കൽ വാണോൻ;

ദിവ്യശ്രീ തോമാസുകത്തനാർ പേക്കായി
ഭവ്യമോടങ്ങു വിലയ്ക്കു വാങ്ങി.

മുന്നം കളരിക്കലെന്നു പേരാന്നുള്ളോ-
രുന്നത ഭാസ്സാന്ന ഭൂമിതന്നിൽ;

പാരം മനോഹരമായി വിരാജിപ്പൂ
പേരാന്ന പുത്തൻകാദിശ്ത്താപ്പള്ളി

ഇപ്പള്ളിക്കല്ലും പടിഞ്ഞാറുമാറീട്ടു
ചൊല്ലൊണ്ടും മാത്തോമ്മാപ്പള്ളിനില്പൂ.

സത്യൈകദൈവത്തിൽ വിശ്വാസമുൾക്കൊള്ളും
മർത്ത്യരാൽ സേവിതമായിരിക്കും;

ഇപ്പള്ളിരണ്ടും യഥാർത്ഥം ഗ്രഹിയാതെ-
യല്ലമായ് മത്സരം പൂണ്ടിതാദ്യം.

പശ്ചിമഭാഗത്തെ പള്ളിക്കാരിൽ ചില-
രിച്ചൊരുപാലോരോന്നു ചൊല്ലിയേവം. 328

നമ്മുടെ പള്ളിക്കടുത്തന്യപള്ളിയി-
ജ്ജന്മത്തിൽ വയ്ക്കുവാൻ സാദ്ധ്യമല്ല.

ഇന്നിപ്രതീക്ഷക്കു ലംഘനം പറ്റാതെ-
യൊന്നിച്ചുകൂടിത്തുനിഞ്ഞു നമ്മൾ;

വേണ്ടും ധനവ്യയം ചെയ്തു പരിശ്രമം
വേണ്ടപോലിന്നു നടത്തീടേണം.

എന്നെല്ലാമോരോന്നു നിശ്ചയിച്ചായവ-
രന്നങ്ങെതിർപ്പാനായ് ചിന്തചെയ്തു. 336

അക്കൂട്ടർ തന്നിലും ദുഷ്കൃതവൈമുഖ്യം
കൈക്കൊണ്ട മാന്യന്മാരുണ്ടനേകം.

അന്നാളിൽ സംസ്കാരസമ്പന്നരായുള്ളോ-
രൊന്നിന്നും പങ്കെടുക്കാതെ നിന്നു.

ശുദ്ധതന്ത്രജ്ഞന്മാർ കൂടിശ്രമിച്ചേവം
കൌടില്യമോരോന്നു കാട്ടിക്കൂട്ടി.

പള്ളിക്കടുത്തു കിഴക്കതിൽ വാണൊരു
പിള്ളയെക്കണ്ടു ശുദ്ധാക്തി ചൊല്ലി. 344

തക്കങ്ങൾ ചെയ്യുവാൻ പ്രേരിപ്പിച്ചാകയാൽ
തക്കത്തിലന്നങ്ങെതിർത്തുപിള്ള.

തൊട്ടുകൂടാത്തുള്ള കാവുണ്ടതു തീണ്ടി-
ത്തൊട്ടുമുടിക്കാനോ? കൊള്ളാം! കൊള്ളാം!

വയ്ക്കുവാൻപാടില്ല പള്ളിയിങ്ങെങ്ങുമേ
പൊയ്ക്കോൾവിനെന്നുതാൻ തീർത്തുചൊല്ലി.

വെട്ടെന്നവിടൊരു ബിംബം പ്രതിഷ്ഠിച്ചു
കഷ്ടം! പ്രതിബന്ധം ചേർത്തീടാനായ്. 352

---

ദുഷ്കൃതവൈമുഖ്യം=ദുഷ്കൃത്യം ചെയ്യുന്നതിലുള്ള മടി

കേസ്സും൦കൊടുത്തു വൻവാശിയും വർദ്ധിച്ചു
ഫീസ്സും മറ്റും ചെലവു ചെയ്തു.

അക്ഷീണതീവ്രപരിശ്രമം ചെയ്തവർ
കക്ഷികൾ കേസ്സു നടത്തിവന്നു.

സത്യസ്വരൂപനെ വന്ദിപ്പാനായിട്ടു
സത്യപ്രതിജ്ഞന്മാർ ചെയ്ത യത്നം;

പത്ഥ്യംപറകല്ല ശ്ലാഘ്യമായ്ത്തീർന്നതി-
ലത്രയ്ക്കതിശയമെന്തുവാൻ? ഹാ!

സാക്ഷാൽ ജഗന്നാഥപുത്രനാം കർത്താവു
സാക്ഷിയാണേവർക്കുമിജ്ജഗത്തിൽ.

മെല്ലെഹൈക്കോടതിലക്കേസ്സും കലാശിച്ചു
തെല്ലുംമടിക്കാതെ പള്ളിവയ്ക്കാൻ;

കില്ലററതീർച്ചയും കല്പിച്ചു, സർവരു-
മുല്ലാസവാരിധൌ മഗ്നരായി.

# VII

കർത്താവിൻകാരുണ്യം കാണികൾക്കെല്ലാർക്കും
നിത്യവും ബോദ്ധ്യമാക്കീടുവാനായ്;

എത്രയുമാമോദാൽ തീർത്തിതു പൌരന്മാർ
സ്തുത്യർഹമാകുമിപ്പുത്തൻ പള്ളി.

അക്കാലം മുന്നിട്ടു മാഹാത്മ്യമേറുമീ-
സൽക്കർമ്മം ചെയ്‌വാൻ തുനിഞ്ഞവരിൽ;

ചക്കാലമണ്ണിൽ കെ. തോമസ് വക്കീലെന്നി-
ങ്ങിക്കാകെ കീർത്തി പരന്നമാന്യൻ;

നിത്യം സ്മരിച്ചു നിഖിലജനങ്ങൾക്ക-
മത്യന്തം മാനിപ്പാൻ യോഗ്യനത്രേ.

---

കില്ലററ=സംശയമില്ലാത്ത

മണ്ണടിവീട്ടിൽ, പടാഞ്ഞാറെമണ്ണിലും,
മണ്ണിൽ, കടവിൽ, പടിപ്പുരയ്ക്കൽ,

കുന്നത്താലയ്ക്കലിടപ്പള്ളിമണ്ണിൽ, ത-
ടത്തിൽ, തണ്ടങ്ങാട്ടിൽ, താനുവേലിൽ,

താഴത്തു തെക്കേമണ്ണെന്നതും കൂടാതെ
വാഴപ്പിലാലിൽ തുടങ്ങിമററും;

മാന്യകുടുംബക്കാർ മുന്നിട്ടുനിന്നവ-
രന്നതിൽ വേണ്ടപോൽ പങ്കെടുത്തു.

മിത്രഭാവം പൂണ്ടു പള്ളിയാം പൊന്നാത-
പത്രത്തിൻകീഴിൽ സുറിയാനിക്കാർ;

തത്ര വരിച്ചു വിജയത്തിലാഹ്ളാദം
ചിത്രം! സുകൃത്യഫലാപ്തി പാർത്താൽ.

കണ്ടാലനുപമകോമളശില്പമാ-
യുണ്ടാക്കിവച്ചോരി സ്ഥാപനാർത്ഥം;

പണ്ടങ്ങളും പലതാർജ്ജിച്ചതുകളെ
പ്പുണ്ടുള്ളോർക്കൊത്തപോൽ സജ്ജമാക്കി.

ആരാധന കഴിച്ചീടുവാൻ പ്രത്യേകം
ചാരുത്വമേററിയലങ്കരിച്ചു.

വേർതിരിച്ചുള്ളോരാദിവ്യസ്ഥാനം കണ്ടാ-
ലാരും ലയിച്ചീടും ഭക്തിവായ്പിൽ.

ഭിത്തിയിലൊക്കെ മലയാളംതന്നിലും
സത്താർന്നിട്ടും സുറിയാനിയിലും;

എത്രയും ഭംഗിയോടിംഗ്ലീഷിലുമേററം
നേത്രാഭിരാമമായ് ശ്രീരുംവണ്ണം;

---

ആതപത്രം=കുട
അനുപമ=ഉപമിക്കാൻ പാടില്ലാത്ത
നേത്രാഭിരാമം=കാഴ്ചയ്ക്കു മനോഹരം

ചിത്രമാം വർണ്ണക്കടലാസ്സിൽ തീർത്താം
ചിത്രാക്ഷരങ്ങൾ നിരത്തിവച്ചു;

പാവനമാകിയ വേദവാക്യങ്ങളെ
ദൈവവിചാരമുണർത്തുവാനായ്;

ചൊവ്വായ്ച്ചമച്ചു പതിച്ചതുകാണ്മോക്കു
ഭാവം പകർന്നുള്ളിൽ ഭക്തിയുണ്ടാം.

പാവനമായിപ്പുരിലസ്സിച്ചീടും നൽ-
ദേവാലയമിതുരമ്യമേററം. 408

സംസ്കാരയോഗ്യമായുള്ള സ്ഥലങ്ങളെ-
യക്കാലമെങ്ങു മലഭ്യമാക്കാൻ;

ഉദ്യമിച്ചോർ തൻ പ്രതീക്ഷയ്ക്കെതിരായി
ഹൃദ്യഭൂഭാഗമൊരുക്കിദൈവം.

സത്വരം തൃക്കയ്യാൽ കാണിച്ചുതന്നതിൽ
മൃതുദേഹങ്ങളെ സംസ്കരിപ്പൂ.

## VIII

മെത്രാപ്പോലീത്തയാം വന്ദ്യപിതാവിനെ
തത്രചെന്നാനയിച്ചാഘോഷമായ്. 416

കൊണ്ടാടികൊണ്ടു ശിലാസ്ഥാപനക്രിയ-
യിങ്ങലകന്നു നടത്തി പിന്നെ.

പള്ളിപ്രതിഷ്ഠാവിശേഷങ്ങൾ കേൾക്കുമ്പോ-
ളുള്ളിൽ കൗതുകം വളരുമാക്കും.

ദേവാലയത്തിന്റെ മുമ്പിൽ വിശേഷമായ്
ശ്രീവാഴ്ക്കും, പന്തലും തീർത്തു ഭംഗ്യാ.

---

പാവനം=പരിശുദ്ധം
സംസ്കാരയോഗ്യമായുള്ള സ്ഥലം=ശവക്കോട്ട

അക്കണക്കൊന്നതിൻ ദക്ഷിണഭാഗത്തു-
മുൽക്കൃഷ്ടമായിച്ചമച്ചുപിന്നെ.

ചുററും ലസിക്കുമലങ്കാരവൈചിത്ര്യ-
മേററം കമനീയമെന്നേ വേണ്ടു.

മെത്രാപ്പാലീത്താ സൽഗമിച്ചാരത്തിനെ-
യെത്രയും മോദാൽ ലസിച്ചു ലോകം.

മാലോകരെയെല്ലാമുത്സവം കാണുവാൻ,
കോലാഹലത്താൽ ക്ഷണിക്കുംപോലെ

വാനമിളക്കിത്തകൎത്തു തുടങ്ങീതെ
ചീനവെടിഘോഷം പ്രത്യുഷസ്സിൽ.

അന്ധകാരം നീങ്ങി ധാവള്യമേററമാ-
യന്തരീക്ഷത്തോടു ഭൂലോകവും;

സപ്രഭമെങ്ങും വിളങ്ങിയുൽഭാസിച്ചാ-
സ്സുപ്രഭാതം രമ്യമേററമാന്നു.

വാജിഗണങ്ങളുഷസ്സിൻ മഹിമയെ
പൂജിച്ചു നൽ സ്തുതി പാടീടുന്നു.

ബാലാനിലൻ മുററുമുത്സാഹപൂർണ്ണനായ്
ചേലിൽ ശ്രുതിയതും കൂട്ടീടുന്നു.

അപ്പൊഴുതെങ്ങും തരുക്കൾ തലയാട്ടി
നില്പു കുതൂഹലം ചേൎന്നമട്ടിൽ.

കമ്പിതശാഖകളാലവലോകരേ-
യമ്പോ! വിളിക്കുന്നുത്സവം കാണ്മാൻ

---

സൽഗമിച്ചു=എഴുന്നള്ളി. വാനം=ആകാശം
ചീനവെടി=കതിനാവെടി. അന്തരീക്ഷം=ആകാശം.
ധാവള്യം=വെളുപ്പ്. സപ്രഭം=പ്രഭയോടുകൂടി
വാജിഗണം=പക്ഷിക്കൂട്ടം ബാലാനിലൻ=ഇളങ്കാററു്
തരുക്കൾ=വൃക്ഷങ്ങൾ കമ്പിതശാഖ=ഇളകുന്ന കൊമ്പു്

സൂനവൃന്ദങ്ങളുണർന്നു പുഞ്ചിരിച്ചു-
മാനന്ദപൂർവ്വകം ലാലസിച്ചും;

സൗരഭ്യം ദിക്കെല്ലാമേററം പരത്തുന്നു-
ദാരനാമക്കളിർ കാററുമൂലം. 448

പൊൻനിറമാണ്ടുപാടത്തു ലസിക്കുന്നോ-
രന്നെല്ലിൻ ചാരുകതിർക്കുലങ്ങൾ;

ഇളിനാഘോഷത്തെ ചേലെഴും മോടിയിൽ
സാദരം സ്വാഗതം ചൊല്ലുംമട്ടിൽ;

ബാലാരുണൻെറ കിരണങ്ങളേൽക്കവെ
ശാലിയിൽ ശോഭിച്ചു നൃത്തം ചെയ്‌വൂ.

ഭൂതലമെങ്ങുമേ ശോഭാപരിപൂർണ്ണ-
ജ്യോതിസ്സാലേററമലങ്കരിച്ച്; 456

അത്തല്ലിൽ സഹ്യാദ്രിമേലിലബ്ഭാനുമാ-
നെത്തിനോക്കി നിന്നു സന്തോഷിപ്പൂ.

അഭ്രപഥത്തോടുരുമ്മും ധ്വജാഗ്രത്തിൽ
വിഭ്രമം കാണികൾക്കേകും മട്ടിൽ;

ചിത്രവർണ്ണംചേർന്ന ചീനാംശുകശ്രേണി
തത്രകളിച്ചു പറന്നു കാററിൽ.

കുത്സിതാചാരങ്ങൾ ചെയ്തവരെനോക്കി
ഭർത്സനം ചെയ്യുന്ന മട്ടിലല്ലോ; 464

---

ഉദാരൻ=കൊടുക്കുന്നശീലമുള്ളവൻ. ശാലി=നെല്ല്

ബാലാരുണൻ=ഉദിച്ചുവരുന്ന സൂര്യൻ.

സഹ്യാദ്രി=സഹ്യപർവതം. അഭ്രപഥം=മേഘമാർഗ്ഗം.

ധ്വജം=കൊടിമരം.

ചീനാംശുകശ്രേണി=ചീനപ്പട്ട് (കൊടിക്കൂറകളുടെ കൂട്ടം)

കുത്സിതം=ആക്ഷേപം (നിന്ദ). പതാക=കൊടി

ഉന്നതസ്ഥാനത്തു നിന്നു പതാകകൾ
നന്നായി നൎത്തനം ചെയ്യുമുറവും.

കാണികളായുള്ള പാന്ഥരീയുത്സവം
കാണുന്നനേരം നിറഞ്ഞമോദാൽ;

കൂട്ടുന്നു, വന്നു പരിസരദേശത്തിൽ
മോടികലൎന്നു രസിച്ചിടുന്നു.

ഈന്തൽപ്പനയോലയാദിയാൽ ചേലോട്ടു
സ്വാന്തപ്രമോദാലലംകൃതമാം; 472

ആൎക്കുകളിൽകൊടി തൂക്കിയലങ്കരി-
ച്ചാൎക്കുംകുതൂഹലം ചേൎക്കുംമട്ടിൽ.

കണ്ണിന്നുജന്മസാഫല്യം വരുത്തുവാൻ
ഗണ്യമാമിമ്മഹമൊന്നു കാണ്മാൻ;

ഉള്ളിൽ കൊതിപൂണ്ടിട്ടുല്ലോല മാലപോൽ
തള്ളി, ത്തള്ളിരൂക്ഷാതപം തന്നിൽ;

വന്നു, നിരന്നു, വിയൎത്തമനുജൎക്കു;
ഖിന്നതയാററിയാശ്വാസമേകാൻ; 480

തൽക്ഷണമദൃശ്യതാലവൃന്തമേന്തി
പക്ഷഭേദം കൂടാതെല്ലാരേയും;

വീശുന്നു മന്ദമായ് സൂനസുരഭില-
നാശുഗൻ തോഷസമേതനായി.

അക്കാലമങ്ങു പതുമലവാണൊരു
സൽക്കാരയോഗ്യനാം പുണ്യദേഹം;

ശ്രീഗോറിയോസെന്ന ശ്രേഷ്ഠാഭിധാനത്താൽ
ലോകാന്തരംഗം വിളക്കും സൂൎയ്യൻ; 488

ഈന്തൽപ്പന=കളർമരം. രൂക്ഷം=കഠിനം.
ഉല്ലോലമാല=തിരമാല. ആതപം=വെയിൽ.
സൂനസുരഭിലൻ=പൂക്കളുടെ ഗന്ധം വഹിച്ചവൻ.
ആശുഗൻ=വായു. താലവൃന്തം=വിശറി

ഇപ്പള്ളിയായിട്ടും കല്പകദാരുവി-
ന്നുത്ഭവസ്ഥാനമായ് പേർപുകഴും;

തെക്കേക്കരയിലെറുശലേം പള്ളിയി-
ലുൾക്കനിവാർന്നെഴുന്നള്ളിവാണു.

കാശസങ്കാശമായ് നീണ്ടൊരൃഷിരമ്യ-
മീശയും ഭക്തിവഴിഞ്ഞുകണ്ണും;

ജാതിമതഭേദ മൊട്ടുമില്ലാതെക-
ണ്ടേതാളിനേയും കുറിച്ചുകൂറും;

ജാതാനുകമ്പമുദാര മന്ദസ്മിത-
ശ്രീതാവുമാനന സൗഭാഗ്യവും;

നീലാഭ്രദേശത്തു പന്ത്രണ്ടു നക്ഷത്രം
ചേലോട്ടുമിന്നുന്ന മാതിരിയിൽ;

ചാലെ ലസിച്ചീടും ക്രൂശടയാളങ്ങൾ
മാലെന്യെ ചേർന്നിടും ചൂഡാവസ്ത്രം;

ആയതിന്മേലതികോമളമായ് ബഹു
ശ്രീയേറുംനല്ല മുടിയും വച്ചും;

ആകണ്ഠപാദം ലസിക്കുന്ന സുന്ദര
ശ്രീകളിയാട്ടും നൽകൂപ്പാസവും;

കൂപ്പാസം തന്മീതെ മിന്നിത്തിളങ്ങുന്ന
കർബ്ബുരക്രൂശിന്റെ മാഹാത്മ്യവും;

ശോഭയേറുന്നൊരു പൊന്മാലതന്നിലാ
സ്ലീബായും കോത്തുധരിച്ചും ചെമ്മേ;

---

ദാരു=വൃക്ഷം.
കാശസങ്കാശം=ആറ്റുദർഭപ്പൂ തുല്യം.
ജാതാനുകമ്പ=അനുകമ്പയോടുകൂടി
ശ്രീതാവും=ഐശ്വര്യം വഴിയുന്ന.
ആനനസൗഭാഗ്യം=മുഖശോഭ
ചൂഡാവസ്ത്രം=തലയിൽ ധരിക്കുന്ന വസ്ത്രം (മസനപ്സാ)
കൂപ്പാസം=കുപ്പായം. കർബ്ബുരം=സ്വർണ്ണം.

ക്രൈസ്തവർക്കെല്ലാം വിജയമരുളുന്നോ-
രദ്ദിവ്യ സ്ളീബായും തൃക്കരത്തിൽ 512

ഇങ്ങനെ ദൈവിക ചിഹ്നം ധരിച്ചോരു
മംഗലാത്മാവിനെക്കണ്ടുലോകർ.

ചേണററഭക്തിയാലദ്ദിവ്യ താപസ-
മാണിക്യരത്നത്തിൻ ദീപ്തിതേടി;

ഗംഗാപ്രവാഹം കണക്കജ്ജനാവലി
ഭംഗ്യാസമാഗമിച്ചാശയോടെ.

സത്വരമുത്തരതീരസ്ഥിതന്മാരാം
പുത്തൻപള്ളിക്കാരടുത്തുകൂടി; 520

നന്നായലങ്കരിച്ചുള്ളോരാന്ദോളത്തി-
ലന്നപ്പുരോഹിതമൗലിതന്നെ;

വന്ദിച്ചിരുത്തിയാഘോഷാലെതിരേററു
നന്ദിച്ചുയാത്ര തുടർന്നാരപ്പോൾ.
നാനാമതസ്ഥരാമാളുകൾ ധാരാള-
മാമോദവായ്പാൻ വന്നുകൂടി.

എല്ലാസ്ഥലങ്ങളും സമ്മാന്യമാക്കുവാൻ
സ്വർല്ലോകതുല്യമലങ്കരിച്ചു. 528

അപ്പുണ്യപുഞ്ജമാമാന്ദോളം തൻമുമ്പി-
ലാർപ്പുവിളിച്ചു യുവജനങ്ങൾ;

മന്ദംഗമിക്കയായെന്നല്ല പിന്നിലു-
മെണ്ണമില്ലാത്ത ജനാവലിതാൻ.

വെള്ളിക്കുരിശു, കനകക്കുരിശുകൾ;
തുള്ളിച്ചുവീശും വെൺചാമരങ്ങൾ;

മുത്തുക്കുടകളനേകം, മെഴുവട്ടം
തത്തിക്കളിക്കും കൊടികൾ നീളെ; 536

---

ദീപ്തി=ശോഭ. ആന്ദോളം=മഞ്ചൽ, പല്ലക്ക്
പുണ്യപുഞ്ജം=പുണ്യസ്ഥാനം



പരുമല കാലംചെയ്ത

നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ്

മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്

അലവട്ടങ്ങളിവകൾ തൻമേളന-
ത്താലേറെ രമ്യമാരംഗവീഥി.

തുംഗഭേരിരവമങ്ങൊരുഭാഗത്തു
മംഗലമന്യത്രനാഗസ്വരം.

ചേലോട്ടുരാഗമാധുര്യംപൊഴിച്ചുകൊ-
ണ്ടാലാപം ചെയ്യുന്നു വായനക്കാർ.

വാനം തകർക്കും കതിനാവെടികള-
ന്യൂനംമുഴങ്ങുംപടഹജാലം.

ഓട്ടവും, ചാട്ടവും, പാട്ടുമൊരിടത്തു
ക്കൂട്ടുന്നിതാഹ്ലാദകോലാഹലം.

കുട്ടികളൊന്നിച്ചു വട്ടമിട്ടാർക്കുന്നു
തുഷ്ടികലർന്നു പരിസരത്തിൽ.

കെങ്കേമന്മാരാകുമാന്ദോളികന്മാർ തൻ
ഹുങ്കാരനാദവും ഘോഷമത്രേ.

ആ രാജവീഥിയിലായതമായേവ-
ന്മാരാവമാർന്നോരാഘോഷയാത്ര;

രമ്യനിയന്ത്രണഭംഗിയാലേററവും
കാമ്യമായ് മുന്നോട്ടു നീങ്ങിനീങ്ങി.

ഇപ്പൊടിപ്പൂരംകൊണ്ടെന്നപോൽ വായുവി-
ലപ്പൊഴുതേററമിളക്കമുണ്ടായ്.

ഇപ്പാരിലെല്ലാരുമേററം വാഴ്ത്തീടുന്നോ-
രപ്പരിശുദ്ധ തിരുമേനിയെ;

---

രവം=ശബ്ദം. ,പടഹം=പെരുമ്പറ

ആന്ദോളികന്മാർ=പല്ലക്ക ച്ചുമക്കുന്നവർ

ആയതം=വർദ്ധിച്ച—വലിയ

മാരുതലോളിതശാഖികളാകവെ
നേരെ തലകൾ ഹാ! താഴ്ത്തി! താഴ്ത്തി!

വന്ദിച്ചു, വന്ദിച്ചു നില്ക്കുന്നോരമ്മട്ടിൽ
നന്നേ ലാലസിക്കുന്നെല്ലാടവും.

സല്പൂജ്യപൂജയിൽ തല്പരയെന്നോണ-
മല്ലാംബുവായെഴും വാഹിനിയെ;

മെല്ലെക്കടന്നുഗമിക്കയായ് കാണിക-
ളുല്ലാസവായ്പിൽ മുഴുകുകയായ്.

പന്നഗത്തിൻഫണചിഹ്നമാർന്നുള്ളോരു
ദണ്ഡൊന്നങ്ങുണ്ടല്ലൊ മുമ്പിലായി.

വെള്ളിവടി മുമ്പിലാക്കി പുറപ്പെട്ടും
പള്ളിയെഴുന്നള്ളത്താരും കണ്ടാൽ;

കള്ളമല്ല സ്വർഗ്ഗരാജൻ ചെങ്കോലുമായ്
മെല്ലെ വരുന്നെന്നു ചൊല്ലുംനൂനം.

അമ്പലവാതിൽക്കടവിൻെറ തീരങ്ങ-
ളമ്പോ! ജനാവലികൊണ്ടു മൂടി.

പത്തുപതിനായിരത്തിൽപ്പരം ജന-
മൊത്തുചേർന്നുള്ളോരീ യാത്രകണ്ടു്;

ഇത്തരമാഘോഷമിദ്ദിക്കിൽ മുമ്പെങ്ങു-
മൊത്തുവന്നില്ലെന്നു ചൊല്ലുയന്നു.

ആഡംബരങ്ങളിലാസക്തിലേശവും
കൂടാത്തോരദ്ധ്വതാപസേന്ദ്രൻ:

---

മാരുതലോളിതശാഖികൾ=കാററിനാൽ ഇളക്കപ്പെട്ട വൃക്ഷങ്ങൾ
തല്പര=താല്പര്യമുള്ളവർ
അംബു=വെള്ളം. വാഹിനി=നദി
പന്നഗം=പാമ്പ്

KOTTAYAM PUBLIC LIBRARY * KOTTAYAM

വന്ദ്യപുരോഹിതവര്യനീലോകർക്ക
പൊന്നുതിരുമേനി,യാഘോഷങ്ങൾ;

കണ്ണുകൊണ്ടാസ്വാദിച്ചാനന്ദമേൽക്കയാൽ
ധന്യവാദംതന്നെ ചെയ്തുപോയി.

ഈശാംഘ്രിഭക്തനാം പുണ്യപുരുഷനെ
ആശാനുകൂലം കണ്ടാനന്ദിപ്പാൻ;

ചൊല്ലാളുമാഘോഷംതന്നിലങ്ങെല്ലാരു-
മുല്ലാസമായ് പോടിണങ്ങിക്കൂടി.

പൂജ്യനാം സന്യാസിവര്യനെ സർവ്വസം-
പൂജ്യമായ് സർവരുമാദരിച്ചാർ.

കർത്താവിൻതൃപ്പാദപത്മയുഗളംതൻ—
ഹൃത്താരിൽ ചേർത്തതിഭക്തിയോടെ;

അഞ്ചിതകാന്തിയെഴുന്ന മനോഹര-
മഞ്ചലിൽ വാഴുമാ ദിവ്യരൂപൻ;

മുററുമാനന്ദനടനപരരായി-
ച്ചുററും ലസിക്കുംജനതതിയെ;

വാത്സല്യവീക്ഷണക്കോണയച്ചേററവു-
മുൽസുകരാക്കിയനുഗ്രഹിച്ചു.

അപ്പാതതന്നിരുഭാഗത്തും വാഴുവോർ
തൃപ്പാദം കണ്ടു വണങ്ങിക്കൊൾവാൻ;

വീട്ടുപടിക്കൽ വിളക്കുകൾ കത്തിച്ചു
തുഷ്ടിയാണ്ടെല്ലാരും നിന്നു ഭക്ത്യാ.

* ആർക്കുംമനോജ്ഞമാംതോരണമിത്യാദി-
യാർക്കും രസംചേർക്കേ സജ്ജമാക്കി.

---

ധന്യവാദം=അനുഗ്രഹം.
അംഘ്രി=പാദം.
അഞ്ചിതം=ശോഭിക്കുന്നതു്.
* ആർക്ക്=വളച്ചുവാതൽ. Arc.

സ്തുത്യർഹമാം ധൌതവസ്ത്രംകരിമ്പട—
മിത്യാദിയൊക്കെവിരിച്ചൊരുക്കി;

വേണ്ടുമലങ്കാരപൂരം പ്രയോഗിച്ചു
വേണ്ടപോൽ തൃക്കരം മുത്തിടുന്നു.

വെച്ചുവിരിച്ചോരോ വീട്ടിന്റെ മുമ്പിലും
നിശ്ചലഭക്ത്യാ നിന്നോരെയെല്ലാം;

തൃക്കരപല്ലവം തന്നിൽത്തിളങ്ങുന്നോ-
രക്കാഭകോലും സ്ലീബായുയർത്തി;

ആശിസ്സുനൽകിയനുഗ്രഹിച്ചു, സാക്ഷാ-
ലീശസമാനനാം ദിവ്യമൂർത്തി.

മന്ദമായീവിധം മുമ്പോട്ടു പോകുന്നോ-
രാന്ദോളം ചെന്നെത്തിപള്ളിമുമ്പിൽ

അങ്ങനെയാഘോഷയാത്രയുമന്നങ്ങു
മംഗളമായി കഴിഞ്ഞുകൂടി.

പല്ലക്കു ചേലോടു താഴ്ത്തിത്തിരുമേനി
മെല്ലെ തൃക്കാൽ വച്ചിറങ്ങിനിന്നു.

അപ്പോളണത്തിച്ചപ്രാർത്ഥനയ്ക്കൊത്തപോ-
ലപ്പരിശുദ്ധൻ നടന്നുചെന്നു;

പുത്തൻ പള്ളിക്കുള്ള പൂട്ടു തുറക്കുവാൻ
സജ്ജമാക്കിച്ചെച്ചു താക്കോൽകൊണ്ടു;

വാതിൽ തുറന്നൊരാവേളയിൽപള്ളിതൻ
പൂതമാം വേദിക ദൃശ്യമായി.

---

ധൗതവസ്ത്രം=വെള്ള വസ്ത്രം.
അക്കാഭ=സൂക്ഷ്മശോഭ.
പൂതം=പരിശുദ്ധം.

വമ്പരിൽ മുമ്പനായ് മേവും തിരുമേനി
മുമ്പിലും, പിന്നാലെ മററുള്ളോരും;

ഉള്ളിൽപ്രവേശിച്ചലങ്കാരം കണ്ടപ്പോ–
ഴുള്ളത്തിലാർക്കും കുതുകമേറി.

ധന്യനായിട്ടുമപ്പൊന്നുതിരുമേനി.
മുന്നം സീനായിലെ മോശയെപ്പോൽ;

നിന്നുകൊണ്ടാരമ്യവൈദികഭാഷയിൽ
നന്നായി പ്രാൎത്ഥന നിർവ്വഹിച്ചു.

നല്ല സുറിയാനിരാഗാലാപം ചെയ്‌വാൻ
ചൊല്ലെഴും വൈഭവമുള്ളോരെല്ലാം;

തങ്ങ'ടെ മൗലിയിൽ ചൂടേണ്ട വൈഡൂര്യ–
മംഗലരത്നമീയാചാൎയ്യൻതാൻ.

കല്ലുമലിഞ്ഞുപോമെന്നെല്ലവൃക്ഷങ്ങ–
ളെല്ലാംതന്നെ തല ചാച്ചുംമട്ടിൽ;

യേശുപാദസ്തുതി പാടികഴിഞ്ഞപ്പോൾ
മോശക്കുതുല്യൻ തിരിഞ്ഞുനിന്നു.

ഉൽബോധനം ചെയ്യാനജ്ജനസംഘത്തോ—
ടല്ലമായ് കാരുണ്യപൂർവ്വമേവം:—

"അല്ലയോമൽപ്രിയ മക്കളേ! നിങ്ങളി—
നെല്ലാരുമൊന്നിച്ചു ചെയ്തതാകും;

അത്യദ്ധ്വാനങ്ങളിന്നോരോന്നും ചിന്തിച്ചാൽ
സ്തുത്യർഹം നിങ്ങൾതൻഭക്തിവായ്‌പും.

നമ്മേബഹുമാനിച്ചീവണ്ണമൊക്കയും
നിർമ്മായം ചെയ്തതിൽ സന്തോഷിപ്പൂ.

ലോകസുഖങ്ങളനിത്യങ്ങളെന്നോൎത്തു
ശോകംവിനാനിങ്ങൾ പാൎത്തുകൊൾവിൻ.

---

തങ്ങ'ടെ=തങ്ങളുടെ. മൗലി=തലയുടെ ഉച്ചഭാഗം.

അന്ത്യമാംനാളിൽ നാമേശുമഹേശനെ
സന്തോഷാലൊന്നിച്ചെതിരേൽക്കുവാൻ;

ആശയോടെല്ലാരുമെപ്പോഴും ചിന്തിച്ചു
ക്ലേശമിയലാതെ കാത്തിരിപ്പിൻ." 656

ഇങ്ങനെ കല്പിച്ചനുഗ്രഹിച്ചൊട്ടേറെ
മംഗളാശംസകൾ ചെയ്തുതാതൻ.

കർതൃപാദത്തിങ്കൽ സ്തോത്രസങ്കീർത്തന-
മൊത്തവർ പാടിപ്പിരിഞ്ഞുപോയി. 660

## IX കാകളി.

പള്ളിപ്രതിഷ്ഠാവിധത്തെ വിനീതമാ-
യുള്ളത്തിൽ ഭക്തിയോടോതിടാമിന്നുഞാൻ.

സർവ്വചരാചരരക്ഷാപരനാകും
സർവ്വേശൻറയാകാരുണ്യമൊന്നിനാൽ;
ആയിരത്തോട്ടു നൂറൊൻപതുകൂട്ടിയു-
ണ്ടായോരക്രിസ്തുവർഷത്തിനു തുല്യമായ്;
ആയിരത്തോടഞ്ചുമേഴുപത്തുംചേൻ
ശ്രീയേറാമൊന്നൊരുകൊല്ലസംവത്സരേ; 8
ധന്യതയാർന്നമകരം പതിനഞ്ചി-
ലന്യൂനമാം കന്നിമാതിൻപെരുനാളിൽ;
ഒട്ടനേകം മാന്യ പൌരരുമിപ്പുരി-
പൃഷ്ഠസ്ഥയിലുള്ളാചാര്യരും കൂടി;
കൂട്ടമായ് നിൽക്കവേയന്നടിസ്ഥാനക്കൽ
നാട്ടി തിരുമേനി തന്നുടെ തൃക്കയ്യാൽ.

കെല്പേറും കന്യാസ്ത്രീയമ്മതൻവന്ദ്യമാം
തൃപ്പേരിൽ പള്ളി പ്രതിഷ്ഠ ചെയ്തു ക്ഷേമേ 16

---

മാതൃ്—. മാതാവ്.

"തുമ്പമൺ കാദിശ്ത്താപ്പള്ളി"യെന്നല്ലേഹ-
മിമ്പമായുള്ളൊരു നാമവും നൽകിനാൻ.

ആലയശ്ശുശ്രൂഷക്കാചാര്യവർഗ്ഗത്തെ
കാലക്രമോചിതമേർപ്പെടുത്തി താതൻ.

കാര്യങ്ങൾവേണ്ടപോലെല്ലാം നടത്തുവാ-
നാര്യമാം നിർദ്ദേശം നൽകി മഹാശയൻ.

വല്യപള്ളിതന്നിൽ പേരെഴുന്നാചാര്യ-
രുള്ളവർവന്നിങ്ങു കർമ്മങ്ങൾ ചെയ്യുവാൻ;
വേണ്ടും വ്യവസ്ഥകൾ കല്പിച്ചുപിൻ,ജനം
കൊക്കാടി,ത്താതൻ തിരിച്ചെഴുന്നള്ളിനാൻ.

## X

സത്യവാനാകുമത്താതയെൻറയാശിസ്സാ-
ലത്യന്തോൽക്കർഷം സഭക്കുവന്നുപരം.

ഇക്കാര്യസാദ്ധ്യത്തിൽ വല്യപള്ളിക്കാരു-
മക്കാലമൊത്താശ ചെയ്തു ബഹുവിധം.

തുമ്പമൺതാഴത്തു, മുട്ടത്തുകോണം,ഥ
പമ്പുമല, യുളനാട്ടു,ചെന്നീർക്കര;
എന്നിദ്ദേശങ്ങളിൽനിന്നുമിപ്പള്ളിയി-
ലന്നു നൂറിൽപരം വീട്ടുകാർ ചേർന്നപോൽ.

ഏറ്റവും ശ്രേഷ്ഠമാമാഘോഷവായ്പോട-
ങ്ങൂറ്റമായ് നല്ലപോൽ നിർവഹിച്ചുള്ളതാം
ഒന്നാം മഹോത്സവമെല്ലാമിതുപോലെ
തന്നെ കഴിച്ചന്നു രാത്രിയാം വേളയിൽ;
എത്രയും ഭംഗിയായുള്ളൊരു കാഴ്ചക-
ളത്രസംമേളിച്ചോക്കാകവെ ദൃശ്യമായ്.

ചൊല്ലേറുമദ്ദീപക്കാഴ്ചയെ വർണ്ണിപ്പാ-
നില്ലെനിക്കേതുമേ വാക്കിനുപാടവം.

സല്ലാപമേളനം കോലാഹലം തത്ര
നല്ലപോൽ ചേൎന്നു മോടികൂട്ടി തുലോം.

വാണങ്ങൾ മേല്പോട്ടു കത്തിക്കതിരോടു
കാണാമുയൎന്നുപോവതും മേൽക്കുമേൽ;

ചേണാൎന്ന നാകത്തിലുള്ളോരെയഘോഷം
കാണാൻ ക്ഷണിക്കുവാൻ പോകുന്ന പോലവെ.

ഇന്ദ്രജാലക്കാരൻ തന്മാവുളവാക്കി
മന്ദേതരം നശിപ്പിക്കുമാറെന്നപോൽ;

മെല്ലെക്കുഴിപ്പൂനിരത്തിവച്ചിട്ടു തീ-
തല്ലിജ്ജ്വലിപ്പിച്ചു കാട്ടും വിധങ്ങളാൽ;
"ഉണ്ടാകും വൎദ്ധിക്കുംപിന്നെ നശിക്കു"മി-
ക്കണ്ടതെല്ലാം ഭുവിലെന്നു തീൎത്തോതിടാം.

ചിത്രം കരിമരുന്നിൻെറ വൻശക്തിയാൽ
ചക്രം കറങ്ങുമക്കാഴ്ചകാണുന്നോൎക്കു;
ലോകവ്യാപാരത്തിരിപ്പിച്ചുൽപ്പുക്കനാ-
മാകുലരായികറങ്ങുംമട്ടോൎത്തിടാം.

സന്താപസാഗരേ രക്ഷാവഴി കണ്ടു
സന്തോഷമേലുവാൻ ചൊല്ലുന്നൊരമ്മട്ടിൽ

ആരവത്തോടങ്ങുയൎന്നഹോ! ശോഭിക്കു-
ന്നോരാക്കുരവപ്പൂവാൎത്താലതിചിത്രം.

വീനങ്ങളായുള്ള പൊൻമരങ്ങൾപോലെ
ചീനവെടിപൊട്ടിപ്പൊങ്ങും ദശാന്തരേ;

നേരേ നഭസ്സിൽപരന്നപൊൻപൂക്കളെ—
പ്പാരം ചൊരിഞ്ഞു ശോഭിച്ചഹോ! ഭംഗിയിൽ.

ആനന്ദമന്നാളിലിമ്മഹംതന്നുടെ
പോരായ്മ ചിന്തിച്ചു ദുഷ്യമായി ചൊല്ലുന്നാൻ;

---

നാകം=സ്വൎഗ്ഗം. മന്ദേതരം=വേഗം.
വീനം=തടിച്ച. നഭസ്സ്=ആകാശം.

ആരാൽ വസിക്കുന്നോയെന്നങ്ങു സൂക്ഷ്മമാ—
യാരാധ്യവാൻ പോലെ പായുന്നെലിവാണം.

ചേണാൎന്നു ശോഭിച്ചു കത്തും നിലാത്തിരി
കാണികൾക്കാഹ്ളാദപൂരമേകിപാരം;
ഇന്ദുവിൽ സാന്നിദ്ധ്യം പത്തുനൂറുണ്ടായാ—
ലെന്നപോലേററമിട്ടിക്കുകൾ ശോഭിച്ചു.

പുഷ്ടാഭമായ് പിന്നെ നിർവഹിച്ചാർ ദീപ—
യഷ്ടികളുംമററുമേന്തിപ്രദക്ഷിണം
അന്നത്തെ രാത്രി കഴിഞ്ഞുപിരിഞ്ഞവർ,
ചിന്നും പ്രമോദത്തോടെന്നേ പറയേണ്ടു.

പള്ളിക്കുനേർകിഴക്കല്പംദൂരത്തിലാ—
യുള്ളോരിടത്താശ്മശാനസ്ഥലത്തിനായ്,
നല്ലമുഹൂർത്തം കരുതി യഥാവിധി
കല്യന്മാരാകുമാചാൎയ്യരന്നുചെമ്മേ;
ചൊല്ലാളുംമട്ടു ക്രിയാദി കഴിച്ചതി-
ല്ലുല്ലാസമോടഥക്രൂശു നാട്ടീടിനാർ.
കന്യക തന്നുടെ മൃതദേഹം നല്ല-
തൊന്നാമതായ്മുമ്പ സംസ്കരിച്ചീടുവാൻ;
എന്നു തിരുമേനി കല്പിച്ചപോലഹോ!
വന്നു ഭവിച്ചതുമത്ഭുതമത്ഭുതം!!:
അക്കന്യകാമണിവാണതടത്തിലെ-
ന്നക്കാലമെങ്ങും പ്രസിദ്ധമായ് തീൎന്നപോൾ.

മാന്യമായക്കാലമിപ്പള്ളിതൻ ട്രസ്റ്റി—
സ്ഥാനം വഹിച്ചോരുപുണ്യവാനമ്മഹാൻ;
വാണു പടിഞ്ഞാറെ മണ്ണിലുളന്നാട്ടിൽ
ഗണ്യനാപ്പൂരുഷൻ വർഗീസുനാമവാൻ.

---

ആരാൽ=സമീപത്തു് (അടുത്തു്=അകലെ)
പുഷ്ടാഭ=വർദ്ധിച്ച ശോഭ.
കല്യന്മാർ=ശ്രേഷ്ഠന്മാർ.

## XI ദ്രുതകാകളി (പാന)

കാലമൊട്ടു കഴിഞ്ഞൊരനന്തരം;
ചേലിലായ്കളനാട്ടിലൊരാലയം.

തീർത്തവരനുകൂലഭാവത്തൊടെ-
യാത്തമോദമിന വിട്ടുപിരിഞ്ഞുപോയ്.

പള്ളിതന്നുടെ കാര്യങ്ങൾ വേണ്ടപോൽ-
ഭള്ളൊഴിഞ്ഞു നടത്തും ദശാന്തരേ;
ആരിലും വ്യഥയുണ്ടാക്കമാറൊരു
ഭൂരിദുഃഖമുളവായി കഷ്ടമേ!

മണ്ണടിവീടെന്നുള്ള ഗൃഹത്തിലെ
പുണ്യവാനൊരു ജോസഫു്ശെമ്മാശ്ശൻ;
അർയ്യനമ്മഹാൻ മണ്ണടിചേർന്നഹോ!
ദുർയ്യോഗമിതുവന്നു ഭവിച്ചിഹ.

വീണ്ടുമേവരും യോജിച്ചു കെട്ടിട-
മുണ്ടാക്കി ബഹുഭംഗിയാം രീതിയിൽ.

കൊച്ചുപള്ളി തൻ ചുററുമായ് കല്ലുണി
മെച്ചമാമ്മാറുചെയ്തു വിചിത്രമായ്.

കെട്ടിടം പൂർത്തിയാകുമ്പോളല്പനാ-
ളൊട്ടുമേ കർമ്മം മുട്ടാതിരിക്കുവാൻ;
കോട്ടമില്ലാതെ ദക്ഷിണഭാഗത്തിൽ
വെട്ടെന്നു പണിതീർത്തൊന്നു വേറെയും.

കല്പനാശാരിതൊട്ടുള്ള ജോലിക്കാ-
രുല്ലാസമോടെ തീർത്തു വൻവേലകൾ.

ഭിത്തിതൻ പണി പൂർത്തിയാക്കിപ്പിന്നെ
തീർത്തു മുററും മരപ്പണിയാകവെ:

---

അർയ്യൻ=ശ്രേഷ്ഠൻ.
ദുർയ്യോഗം=ദുർഭാഗ്യം.

ഇപ്പണിയന്നു തീൎക്കുവാനേററവും
കെല്പോടു ജനമേവരും ചേൎന്നതിൽ;
പേരെഴും പൊതുകാൎയ്യപ്രസക്തനായ്
പാരിലാകവെ വാഴ്ത്തുമോരമ്മഹാൻ;
തോപ്പിൽ ചക്കാലമണ്ണിലൊരു വൈദ്യ-
നപ്പുമാൻ കോശി മുന്നിട്ടുനിന്നയാൾ.

ഓട്ടുമേഞ്ഞു കഴിഞ്ഞു സമ്പൂൎണ്ണമാം
മോടിചേൎന്നുല്ലസിച്ചു ദേവാലയം.

ഹൈക്കലാ പിന്നെ മദ്ബഹായെന്നിവ-
യാകമേ പുരു മോദം ജനിക്കുവാൻ;
വേണ്ടപോൽ പല ശില്പവൈശിഷ്ട്യങ്ങ-
ളുണ്ടാക്കിയതുമെത്ര മനോഹരം.

പട്ടക്കാർ ശുദ്ധിചെയ്തു ദേവാലയം
തുഷ്ട്യാ ചെയ്യുന്ന കൎമ്മങ്ങൾ ഭക്തിയായ്.

പള്ളിതൻ നേർകിഴക്കുള്ള ഭൂമിയും
പള്ളിക്കാർ വിലവാങ്ങി ദേവച്ഛയാ.

ആദികാലമങ്ങുണ്ടായ മാന്യരാം
കാദിശ്ത്താലയ ട്രസ്റ്റികൾ കൂട്ടത്തിൽ;
കച്ചിറ സദനത്തിൽ വസിച്ചുള്ളോ-
രച്ഛമാനസൻ മാണിനാമാവുതാൻ
അച്ഛനാം ബഹുമാനിതനപ്പുമാൻ
നിശ്ചയം പുകളേററവുമേറിയോൻ.

---

ഹൈക്കലാ=ജനങ്ങൾ നിൽക്കുന്ന സ്ഥലം.
മദ്ബഹാ=ആരാധനസ്ഥലം.

## XII. മഞ്ജരി.

യോഗത്തിൻകാൎയ്യങ്ങൾ സൗഖ്യമായിങ്ങനെ
യോഗ്യമായിട്ടു നടത്തീട്ടുമ്പോൾ;
മത്സര സാഗരേ യേററമിളകീട്ടു-
മുത്സേക കല്ലോലം തന്നിൽ കൂടി;
കാററും പിശറും കടന്നു കുഴങ്ങിയി-
ട്ടു ററമായങ്ങു കലങ്ങുമന്നേരം;
ചെററുമിളകാതെ ചിത്തമുറപ്പിച്ചു
മുററും ശ്രമിച്ചു കരയണയാൻ;

ക്ഷീണമിയലാതെ പള്ളിപ്രതിഷ്ഠയാം
തോണിനയിച്ചതിധീരധീരൻ;
ഭാഗ്യവിലാസജയശ്രീയോടക്കര
പ്രാപിച്ച ചക്കാലമണ്ണിൽ വക്കീൽ;
കെ. തോമാസ്സെന്നു പേരാൎന്നോരക്കീൎത്തിമാ-
ന്നേതുമനുജൎക്കും പൂജനീയൻ;
ആയിരത്തൊടൊരുതൊണ്ണൂററിമൂന്നൊക്കും
ഹായനം തന്നിൽ മിഥുനമാസം;
ഹന്ത! പതിമ്മൂന്നാംനാളിൽ വ്യഴാഴ്ചയാ-
ബന്ധുരദീപമണഞ്ഞു കഷ്ടം!
മാലോകൎക്കൊക്കയും തദ്വിയോഗം തുലോം
കാലക്കേടെന്നപോൽ വന്നുകൂടി.

പാരിൽ പരന്മാരിൽ പാരം കനിവോടു
പാരാതെയോരോരോ നന്മചെയ്തോൻ;

---

സാഗരം=സമുദ്രം.
ഉത്സേഹം=വൎദ്ധിച്ച.
കല്ലോലം=തിരമാല.
ഹായനം=വത്സരം. ബന്ധുരം=മനോഹരം
തദ്വിയോഗം=ആ വേർപാടു്.

ആരുമഭിനന്ദിച്ചീടുവാൻ യോഗ്യനായ്
ധീരാഗ്ര്യനായ പുരുഷസിംഹം;

ഗംഭീരബുദ്ധിമഹാശയനമ്മഹാൻ
വൻകർമ്മധീരൻ തൻ വേർപാടോത്താൽ;

സ്തന്യമൂട്ടുന്ന മാതാവുമരിച്ചുള്ള
ഖിന്നത പൈതങ്ങൾക്കെന്നപോലെ.

ആകെയുള്ളാളുകൾക്കുണ്ടായൊരീനഷ്ടം
ഹാ! കഷ്ടം! വർണ്ണിപ്പാൻ സാദ്ധ്യമല്ല.

നാനാജനങ്ങൾക്കും സമ്മതനായൊരീ
മാനാധികപ്രഭൻ പൗരവീരൻ;

നിത്യസ്മരണീയൻ, സത്യവ്രതസ്ഥൻ സ-
ദ്വൃത്തൻ യശഃശ്ശരീരാഭനായി;
വത്തപ്പൃ, ദേഹവിയോഗം ചെയ്തെന്നാലും
നാത്മുക്കൾ നിത്യർ താൻ പാർത്തലത്തിൽ.

വേറൊരു ദുഃഖപ്രവേശമുണ്ടായതു-
മാരും കുലുങ്ങുമാറുള്ളതല്ലോ
അഴ്ഗ്ഗുണശീലനെന്നു പുകഴ്ന്നോരാ-
ചാര്യനിപ്പുള്ളി ഭരിച്ച ദേഹം;

ഏതൽസിറിയൻസഭയിലെ വൈദിക-
വ്രാതത്തിൽ നന്നായ്പ്പരിലസിച്ചോൻ;
വൈദികവൃന്ദത്തിലാദ്യമായാംഗല-
വാണിയിൽ വൈദഗ്ദ്ധ്യമാന്ന വിദ്വാൻ;

---

സ്തന്യം=മുലപ്പാൽ.
മാനാധികപ്രഭൻ-വർദ്ധിച്ച ശോഭയോടുകൂടിയവൻ.
വ്രാതം=കൂട്ടം.
ആംഗലവാണി=ഇംഗ്ലീഷുഭാഷ.
വൈദഗ്ദ്ധ്യം=സാമർത്ഥ്യം

ഗ്രീഗോറിയോസ്സെന്നിസ്കൂളിലധ്യാപക-
മംഗളവൃത്തിയിൽ ലാലസിച്ചോൻ;
വാസ്നവാഗ്വൈഭവം തന്നിലേറ്റമായ്
പ്രസിദ്ധ സാഹിത്യകാരനായോൻ;

സൗശീല്യവാന്മാർക്കു മുമ്പൻ ഫാദർ റ്റി. ജി.-
യോശുവായെന്നേറ്റം കേൾവിയാർന്നോൻ;
താനുവേലിൽവാണ ദീനദയാപരൻ
താനുമിത്തച്ചീൽ ദിവംഗതനായ്.

പള്ളിക്കുവേണ്ടുന്നോരൗന്നത്യമുണ്ടാക്കി
ചൊല്ലാളുംമട്ടു മനോജ്ഞമാക്കി.

വിദ്യാലയമൊന്നു പള്ളിതൻ പാർശ്വത്തി-
ലുത്തുംഗമായിപ്പണിതുതീർത്തു.

ആദികാലംതൊട്ടിപ്പള്ളിവികാരിയായ്
ഖ്യാതിയാർന്നുള്ള പുരോഹിതനാം;
ഭവ്യനത്താനുവേൽ വല്യച്ചൻ പുണ്യവാൻ
ദിവ്യശ്രീ ഗീവർഗ്ഗീസ്സെന്ന ദേഹം;
ആയിരത്തോടങ്ങു തൊണ്ണൂറ്റിയൊൻപതു-
മായിച്ചേരുന്നോരുകൊല്ലംതന്നിൽ;
ഒന്നാംദിനത്തിൽ മിഥുനമാസത്തിങ്കൽ;
മന്നിടംവിട്ടു തൻ വാർദ്ധക്യത്തിൽ.

മണ്ണുടിവീട്ടിൽ ഹാ! ശെമ്മാശ്ശൻ മത്തായി
പുണ്യശ്രീമാനുമീലോകംവിട്ടു.

---

വാഗ്വൈഭവം=വാക്ക്സാമർത്ഥ്യ
ദിവംഗതനായ്=സ്വർഗ്ഗത്തിൽ ആഗതനായി (മരിച്ചു)

## XIII. അന്നനട

അധികനാളുകൾ കഴിഞ്ഞൊരുശേഷ-
മധികതര വ്യഥയുളവാക്കുംവിധം;
കുറുകെയുള്ളൊരുത്തരം പൊടികയാ-
ലൊരുദിനമതിൻ നിശാസമയത്തിൽ;
നിലംപതിച്ചഹോ! പുതിയകെട്ടിടം
അലസമുദ്രത്തിലലറുന്നപോലെ;
അതിൻപതനത്തിൽ ഭയങ്കരാരവ-
മതുകേട്ടെല്ലാരും പരിഭ്രാന്തരായി;
പെരിയ ചേതത്താലഖിലമാനുഷ-
രൊരുപോലെ പരിതപിച്ചുമേവിനാർ.

ബഹുനഷ്ടമിദമിഹ ഭവിക്കവാ-
നഹമ്മതി തെല്ലിജ്ജനതയ്ക്കുണ്ടായോ?
ഇതുസമുദ്ധരിപ്പതിന്നു സർവരു-
മൊരുങ്ങി സർവേശസഹായമർത്ഥിച്ചു.

തുണമതിനെയുമൊരായുധമാക്കാൻ
പണിയോ? വല്ലഭന്നൊരിക്കലുമില്ല.

അതുകാലം കുറെ പരുങ്ങലോടായി
മുതൽപിടിസ്ഥാനം വഹിച്ചൊരു പുമാൻ
മല ചലിച്ചാലും മനമിളകാതെ
പലവിധ ത്യാഗംസഹിച്ചൊരു ശ്രീമാൻ;
ഇടപ്പള്ളിമണ്ണിലിടിക്കുള മാന്യ-
നുടനടി പള്ളിപണിയിപ്പാനായി;
ഇടവകക്കാരെയൊരുമിച്ചുചേർത്തു
തുടങ്ങി വേലകളനുദിനം ഭംഗ്യാ.

---

നിശാ=രാത്രി.   പതനം=വീഴ്ച.
ഭയങ്കരാരവം=ഭയങ്കരശബ്ദം,

പണികഴിപ്പിച്ചു മനോജ്ഞമാംമട്ടിൽ
ഗ്ഗുണമെഴുന്നൊരിപ്പരിശുദ്ധാലയം;
പുനരുദ്ധാരണമിതുപോൽ സാധിച്ചു
വിനയകന്നീശകരുണയാലഥ.

പരിശുദ്ധാലയമിതുപണിചെയ്‌വാ-
നൊരിക്കലും പിന്നിലകപ്പെടാത്തുള്ളോർ;
ഒരുപള്ളി ചെന്നീക്കരവടക്കായി
പുരുമോദാലന്നു പണിചെയ്തുപോയാർ.

## XIV. കേക.

അക്കാലമ്'വിടന്നു കർമ്മങ്ങൾ നടത്തിയോൻ
സൽക്കാരയോഗ്യനാകുമാചാര്യൻതിരുവിനാൽ;
ദിവ്യശ്രീ ഗീവർഗ്ഗീസ്സെന്നുള്ളൊരു പേരാർന്നിട്ടും
ഭവ്യനദ്ദേഹമമ്പോ! വേണ്ടപോൽ ബഹുകാലം;
ഇപ്പള്ളിഭരിക്കയാൽ പള്ളിക്കാർ സന്തുഷ്ടരാ-
യപ്പൊഴുതൊരുവക്കുമല്ലലുമില്ലാതായി.

പിൽക്കാലമായിദ്ദേശംതന്നിലെ മാന്യന്മാരിൽ
ചൊൽക്കൊള്ളും മൂന്നാളുകൾ പട്ടക്കാരായ് വന്നു.

വിദ്യാസമ്പന്നരാകുമാദിവ്യശ്രീമാന്മാരിൽ
വിദ്യാവിദഗ്ദ്ധനായിട്ടൊന്നാമൻ കോശിയച്ചൻ;
എം. എ. ബിരുദംനേടിവാഴുന്നു താനുവേലിൽ
ചെമ്മേ പുകളേറിയോനമ്മഹാൻ പൂജനീയൻ.

രണ്ടാമൻ ബി. ഡി. ബിരുദാർന്നോരു വിദ്വാനായി
ഇണ്ടിയിൽ വാണന്നൊരു പുണ്യവാൻ തോമസ്സച്ചൻ
മൂന്നാമൻ താനുവേലിൽ യാക്കോബുപട്ടക്കാരൻ
ധന്യനമ്മഹാത്മാവുമേററവും മാനനീയൻ.

---

ഭവ്യൻ=ശ്രേഷ്ഠൻ.

യോഗ്യരാം മൂന്നുപേരും മുപ്പിരിപാശംപോലെ
ഭംഗമെന്നിയെയന്നുചേൎന്നുവന്നതും ഭാഗ്യം.

കള്ളമല്ലുരയ്ക്കുന്നതന്നവർ വാഴുംമുമ്പി-
പ്പള്ളിയിലസ്വാസ്ഥതയേററവുമുളവായി.

പാവനമാകുന്നോരിസ്ഥാപനം കാതോലിക്കാ-
ബാവാതൻകീഴിലായിട്ടേവരും വാഴുംകാലം;
അത്തിരുമേനിക്കെതിൎകക്ഷിയൊന്നിഹ ചേൎക്കാ-
നത്തല്ലിൽ ശ്രമംചെയ്തോരച്ചനോതിരുവിനാൽ.

ഉദ്യമമിതു ഫലമാകുവാൻ ചിലരെല്ലാ-
മാദിയിൽ യത്നംചെയ്തോരല്പവും ഭേദമെന്യേ
ബാവായന്നെഴുന്നള്ളി വാണിരുന്നിവിടത്തിൽ,
ഭവ്യനദ്ദേഹം ചരിത്രംസർവവും തീൎത്തീടുവാൻ.

കീൎത്തിമാനാകും കോശിചെമ്മാശ്ശുനാചാൎയ്യത്വം
ആത്തമോദേന ബാവാ നൽകിനാനക്കാലത്തിൽ.

വികാരിസ്ഥാനവുമീയാചാൎയ്യന്നേകീടിനാൻ
വികാരഭരിതരായിരുന്നോർ സംതൃപ്തരായ്.

താനുവേലച്ചൻ ക്രിസ്ത്യൻകാളേജിൽ പോകമൂലം
തന്നുടെപേൎക്കായ് പ്പള്ളിക്കാൎയ്യങ്ങൾ നടത്തീടാൻ
ശംകരത്തിലെയച്ചൻ മത്തായി ദിവ്യശ്രീമാൻ
സങ്കടമെന്യേ വന്നു കൎമ്മങ്ങൾചെയ്തു ഭംഗ്യാ.

അന്നിതിൽ "തിരുവിനാൽ "ഒന്നിന്നും ചേരാതെയും
നിന്നതും ശണ്ഠപലതുണ്ടാകുംവിധത്തിലായ്.

ദുൎവാരദുഃഖമുളവാകുമോ ദുൎവാശിയാൽ?
സൎവ്വരുമതു ചിന്തിച്ചന്നുത്സാഹമേവീടിനാർ.

---

ഉദ്യമം=ശ്രമം.
ദുൎവാരദുഃഖം=തടുക്കാൻപാടില്ലാത്ത ദുഃഖം.

പന്തളത്തേക്കു പടപ്പേടിച്ചോടിയോനപ്പോൾ
പന്തവും കുത്തിപ്പട കണ്ടപോലവിടത്തിൽ.

എന്നൊരു ചൊല്ലുപോലപ്പാവനാലയത്തിങ്ക-
ലന്നഹോ! സ്വൈരക്കേടുണ്ടാകുന്ന മട്ടു കണ്ടു.

ഈശനെ ഭജിക്കുവാൻ പള്ളിയിൽ ഗമിക്കുവോ-
ർക്കാശ്വാസമരുളും "സമാധാന" വരാശ്ലീസ്സു;
പൊഴിക്കും തിരുബലി കഴിക്കും ശുദ്ധസ്ഥല-
ത്തൊഴുക്കും "സമാധാനഭംഗ"മിതെത്ര ചിത്രം.

എങ്കിലും സർവേശൻതൻ കാരുണ്യപൂരത്തിനാൽ
ശങ്കകളെല്ലാമന്നു ദൂരവേമാറിപ്പോയി.

ആലയമടപ്പിച്ചു കർമ്മങ്ങൾമുട്ടിക്കുമെ-
ന്നുള്ളൊരു ചിന്തനയോ വ്യർത്ഥവുമായിദൈവാൽ.

എതിരാംകക്ഷിയാകും ഗീവർഗ്ഗീസച്ചൻ തന്റെ
അതിയായൊരു യത്നം വിഫലമായി ധ്രുവം.

ഡിസ്ത്രിക്ക് മജിസ്ത്രേട്ടിന്നുർജ്ജിത നിരോധന-
മന്ത്രംപോലേററിട്ടങ്ങു മാറിനിൽക്കേണ്ടിവന്നു.
എങ്കിലും പുണ്യവാനാമപ്പുരോഹിതൻ പിന്നെ
സങ്കടമെന്ന്യേ ചേന്നു പൂർവകക്ഷിയിൽ വീണ്ടും.
ദൈവികശക്തി പാരിലാരറിയുന്നു? പാർത്താൽ
ദൈവേഷ്ടംപോലെ ഭൂമൌ സംഭവിച്ചീടുമെല്ലാം.

## XV. ഗാഥ (മഞ്ജരി)

ഇപ്പള്ളിതന്നിലെ വൈദികർ മൂവരിൽ
ചൊല്ലൊത്തും ബി.ഡി. ബിരുദമാർന്നോൻ;

---

ദൈവാൽ=ഭാഗ്യവശാൽ.
ധ്രുവം=നിശ്ചയം.

ദിവ്യശ്രീ തുണ്ടിയിൽ തോമസ്സുകത്തനാർ
ഭവ്യൻ സൽഖ്യാതിമാനായ ദേഹം;

അദ്ധ്യാപകവൃത്തിക്കായി കുന്നംകുള-
ത്തദ്ദേഹം ചെന്നങ്ങു വാസമാക്കി.

തന്നുടെപേക്കായിപ്പള്ളിയിൽ കർമ്മങ്ങ-
ളന്നേതും കോട്ടംഭവിച്ചിടാതെ;

ദിവ്യൻ വട്ടതല വാണോരുവല്യച്ചൻ
നിർവ്വ്യാജം വന്നുനടത്തി ചെമ്മേ.

ആയിരത്തോടൊരു നൂറും പതിനേഴു-
മായോരുകൊല്ലത്തിൽ കന്നി നാലിൽ;

ഉൽക്കടശോകാബ്ധൗ ലോകരെയാഴ്ത്തിയ-
ദുഃഖവാർത്തയെനിക്കോതാൻ മേലാ.

എന്തോരത്യാഹിതം! വേദമാം സിന്ധുവെ
വൻതാപമെന്ന്യെ തരണംചെയ്യോൻ; 16

സൽക്കീർത്തിസൗരഭ്യം ലോകേപരത്തിയോ-
രുൽഫുല്ലസൂനമാം തോമസ്സച്ചൻ;

ഹന്ത! നിഷ്ക്രാന്തനായിപ്പാരിൽനിന്നയ്യോ!
സന്താപസാഗരേ മുങ്ങിലോകം.

എന്തെന്തു? മൃത്യുവാം കാർകൊണ്ടൽമൂടിയ-
സ്സുന്ദരതാരം മറഞ്ഞു കഷ്ടം!

---

ഉൽക്കടശോകം=വർദ്ധിച്ച സങ്കടം.
അബ്ധൗ=സമുദ്രത്തിൽ.
ഉൽഫുല്ലസൂനം=വിടർന്ന പൂവ്.
നിഷ്ക്രാന്തനായി=ഗമിച്ചു (പോയി)
കാർകൊണ്ടൽ=മേഘം.

നശ്വരം നീർപ്പോളപോലെയിജ്ജീവിതം
വിശ്വേശാ! പാർത്താൽ ക്ഷണികമത്രേ.

നൽപ്പിയന്നീടുമൊരാത്താറുപള്ളിയി–
ലപ്പുമാൻ തന്നുടെ ദിവ്യദേഹം;

സംസ്കാരസമ്പന്നരാകുമപ്പള്ളിക്കാർ
സംസ്കരിച്ചീടിനാർ വേണ്ടപോലെ.

അപ്പുണ്യശ്ലോകൻറെയാത്മാവിന്നീശാ! നീ
അപ്പരലോകത്തിൽ നിത്യശാന്തി;

ഏകീടേണം, കൃപാപൂർവ്വമീധന്യാത്മാ
പൂകീടേണം നിത്യാനന്ദംതന്നിൽ.

## XVI.

കേവലമല്പനാൾ കുള്ളിലിസ്ഥാപന–
മിവ്വിധം മംഗലമായതോർത്താൽ;
നിസ്സ്വാർത്ഥരായ ജനങ്ങൾ ചെയ്തീടിനോ–
രശ്രാന്തമായ പ്രയത്നമത്രേ.

ഏതുപരിശുദ്ധൻ തൃക്കൈകൾ കൊണ്ടതി–
മോദവായ്പാർന്നിതുചെയ്തതന്നോ?
അത്തിരുമേനിതൻ പ്രാർത്ഥനയാലിതു–
മാർത്തിവിഹീനം സുസാദ്ധ്യമായി.

കന്യാസ്ത്രീയമ്മതൻ നിസ്തുലസാഹായ്യം
തന്നെയാണെന്നതിനില്ലവാദം.

സർവവുമീശാനുകൂലമെന്നോർക്കട്ടെ
സർവരുമീശനെ വാഴ്ത്തിടട്ടെ.

ദിവ്യതപമാർന്നോരിപ്പള്ളിതൻ ശക്തിയും
നിർവ്യാജം നൂനമവർണ്ണനീയം.

---

നശ്വരം=നശിക്കുന്നതു്.
നീർപ്പോള=വെള്ളത്തിലെ കുമിള.

വള്ളിക്കെതിരായ് പുറപ്പെട്ടന്നാളു ക-
ളെല്ലാമൊരിക്കൽ പശ്ചാത്തപിക്കും.

ഉദ്ദിഷ്ടസിദ്ധിക്കായുള്ളോരു നേർച്ചകൾ-
ക്കോർത്താലഭേദഫലങ്ങൾ കാണാം.

അത്ഭുതമായുള്ള ദൈവികശക്തിയി-
ന്നത്ഭുതമാകുന്നിദ്ദേവസത്വം.

നന്മയേറീടുമീ മംഗലസ്ഥാപനം
സന്മനോരമ്യമായ് തീർന്നു മേന്മേൽ;
ഭാവിതലമുറയ്ക്കുത്തമ ദൈവിക
ഭാവനാ,യോഗ്യമായ് തീർന്നിടട്ടെ.

സർവേശസാന്നിദ്ധ്യാലാരാധകന്മാർക്കു
സർവസുഖങ്ങളും ചേർന്നിടട്ടേ.

സാക്ഷാൽ ജഗത്തിന്നു സാക്ഷിയാമേശുവെ
രക്ഷയ്ക്കുവേണ്ടി മനമലിഞ്ഞു്;
അക്ഷയവിശ്വാസം പൂണ്ടിങ്ങനുദിന-
മക്ഷീണഭക്ത്യാ ഭജിച്ചീടുവിൻ.

ക്രിസ്തുതാനാകും വിശുദ്ധകുർബാനയാം
നിസ്തുലമാധുര്യമേറും പൂന്തേൻ;
സാനന്ദം ഹൃത്തിൽവഹിക്കും തൻ ഭക്തരാം
സൂനങ്ങളേറ്റം ലസിച്ചീടുന്നു;
ഉദ്യാനമാകുമിദ്ദേവാലയം പാരി-
ലദ്യാപി സൽകീർത്തി കീർത്തിക്കുന്നു.

ഈ വിധമിദ്ധന്യ കാദിശ് ത്താപ്പള്ളിയാം
ദൈവഭവനമിതെന്നുമെന്നും;
ആത്മീയജ്ഞാനത്തിൻ ദിവ്യവിജയശ്രീ
സത്വമായ് ശോഭിപ്പൂതാക! ഭവ്യം.

---

അദ്യാപി=ഇന്നും.
ഭവ്യം=മംഗളം.

## XVII

സൽക്കഥയിത്രയും ചൊല്ലിക്കഴിഞ്ഞുട-
നക്കയിൽ സംതൃപ്തചിത്തനായി.

ആകമ്രമായുള്ളോരാമ്രത്തിൽച്ചെന്നുതാ-
നാദരപൂർവകം പ്രാർത്ഥിച്ചേവം.

"സ്വർഗ്ഗസ്ഥിതനാകും ഞങ്ങൾതൻ താതാ! നിൻ
നാമം ശുദ്ധിപ്പെട്ടുമാറാകേണം.

സന്തതമാനന്ദമാന്ന നിൻ രാജ്യമി-
ങ്ങന്തരമെന്നിയെ വന്നീടേണം.

നിന്നിഷ്ടം ദൈവമേ! സ്വർഗ്ഗത്തിലെപ്പോലെ
മന്നിലും ചെയ്യണേ മംഗളാത്മൻ.

ഇന്നു തന്നീടേണമിന്നത്തേയാഹാരം
അന്നദാതാവേ! നീ ഞങ്ങൾക്കായി.

ഞങ്ങൾ കുററക്കാരോടേതേതുമട്ടിലാ-
യിങ്ങു പൊറുത്തുവോ, തൽപ്രകാരം;

ഞങ്ങടെ കുററങ്ങൾ പാപങ്ങൾ സർവവു-
മങ്ങു പൊറുക്കണേ, കാരുണ്യാബ്ധേ!

ദുർവഹമായ പരീക്ഷയിൽ ഞങ്ങളെ
സർവജ്ഞാ! ചേർക്കൊല്ലേ, ലോകനാഥാ!

തിന്മയിൽനിന്നു നീ രക്ഷിക്ക ഞങ്ങളെ
ചിന്മയ! ദിവ്യ സ്വർല്ലോകനാഥാ!

രാജ്യവും ശക്തി മഹത്വവുമെന്നേക്കും
പൂജ്യനാം നിന്നുടേതത്രേയാമ്മീൻ."

ത്രിത്വൈക ദൈവമേ!യെന്നും തൊഴുന്നു ഞാൻ
നിത്യവും പാലിക്ക; സന്മംഗളം.

---

ആകമ്രം=ഏററവും മനോഹരം.
ആമ്രം=മാവ്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. H200 Acc. No. 21428

This book should be returned on or before the date last stamped below.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 200 Acc. No. 21428

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

200 21428
MAT-T

മാത്യു. വി. എം

തുമ്പമൺ കാദിശ്ക്താപള്ളി

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. 200 MAT-T Acc. No. 21428

Author മാത്യു വി.എം.

Title തക്സവൻ കാദിശ്ത്താ ചൂളകി

gpura.org